# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ദീപ്തി

## MPM HSS CHUNGATHARA



## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | : മലപ്പുറം |
| സ്കൂൾ കോഡ് | : 48044 |
| സ്കൂളിന്റെ പേര് | : എം.പി.എം. എച്ച്. എസ്. എസ് ചുങ്കത്തറ |
| പിൻകോഡ് | : 679334 |
| ഫോൺ നമ്പർ | : 9446287600 |
| ഇ.മെയിൽ അഡ്രസ്സ് | : mpmhss@gmail. com |
| ഗ്രാമപഞ്ചായത്ത് | : ചുങ്കത്തറ |
| വിദ്യാഭ്യാസജില്ല | : വണ്ടൂർ |
| സബ്ബ്ജില്ല | : നിലമ്പൂർ |
| ക്ലാസ്സുകൾ | : 5 മുതൽ 12 വരെ |
| മാനേജ്മെന്റ് | : കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് കോട്ടയം |
| പഠനമാധ്യമം | : ഇംഗ്ലീഷ് & മലയാളം |

# *അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26 എം.പി.എം. ഹയർസെക്കണ്ടറി സ്കൂൾ ചുങ്കത്തറ - യു.പി. വിഭാഗം (ക്ലാസ്സ് 5 മുതൽ 7 വരെ)*

***ആമുഖം***

പ്രാഥമിക വിദ്യാഭ്യാസത്തിൽ നിന്ന് ഉയർന്ന തലത്തിലേക്ക് കടക്കുന്ന ഘട്ടമാണ് 5 മുതൽ 7 വരെ ക്ലാസ്സുകളിലേക്കുള്ള യാത്ര. ഈ പഠനഘട്ടം വിദ്യാർത്ഥികളുടെ ബൗദ്ധികവും മാനസികവുമായ വളർച്ചക്ക് വാതിൽ തുറക്കുന്നു. കുട്ടികളുടെ ആഗോള മനോവീക്ഷയും ജീവിത സാമർത്ഥ്യങ്ങളും വളർത്തുന്നതിനായി ശ്രദ്ധാപൂർണ്ണമായ ആസൂത്രണം അനിവാര്യമാണ്.

യു.പി വിഭാഗക്കാർക്കായി രൂപകല്പന ചെയ്തിരിക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26 അധ്യാപന പ്രവർത്തനങ്ങൾക്കുള്ള സമഗ്രദിശാനിർദ്ദേശമാണ്. SCERT യുടെ മാർഗ്ഗരേഖകൾക്ക് അനുസൃതമായും പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കിയും ഈ പദ്ധതി ഒരുക്കിയിരിക്കുന്നു.

വിഷയാനുസൃതമായ അധ്യായന പദ്ധതികൾ, അധ്യാപകരുടെ മാർഗ്ഗനിർദ്ദേശങ്ങൾ, കുട്ടികളിൽ നിർമ്മാത്മകതയും അന്വേഷണശക്തിയും വളർത്തുന്ന പ്രവർത്തനങ്ങൾ എന്നിവക്ക് പ്രാധാന്യം നൽകിയിരക്കുന്നു.

ഓരോ മാസത്തെയും വിഷയഗതമായ പദ്ധതികളും പ്രവർത്തനങ്ങളും പഠനഫലങ്ങളുമായി ബന്ധിപ്പിച്ചാണ് ക്രമീകരിച്ചിരിക്കുന്നത്.

കുട്ടികളുടെ സഹപാഠ്യ പ്രവർത്തനങ്ങൾ, കലാസാഹിത്യ കായികമേഖലകളിലെ പങ്കാളിത്തം, സാമൂഹിക ബോധം, വായനാശീലം, ശാസ്ത്രീയ മനോഭാവം എന്നിവയുടെ വളർച്ചക്കായി പദ്ധതി ശക്തമായ പിന്തുണ നൽകുന്നു. അധ്യാപകരുടെയും രക്ഷിതാക്കളുടെയും പ്രവർത്തനപരമായ പങ്കാളിത്തം ഉറപ്പു വരുത്തി അധ്യായനം മെച്ചപ്പെടുത്തുക എന്നതാണ് പ്രധാന ലക്ഷ്യം

വിദ്യാർത്ഥികളിലെ സാമൂഹ്യ, ആധുനിക, മാനസിക കഴിവുകൾ വളർത്തി, സമഗ്രമായ വ്യക്തിത്വ വികസനം ലക്ഷ്യമിടുന്ന ഈ പ്ലാൻ സ്കൂളിന്റെ ദീർഘദർശിയായ വിദ്യാഭ്യാസത്തിന് പ്രബല പിന്തുണ നൽകുന്ന വിധമാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്.

# ഏഴ് പതിറ്റാണ്ട് തികയുമ്പോൾ വിജ്ഞാനത്തിന്റെ പൊൻ കിരണം

1957 ജൂൺ ഒന്നിലെ സൂര്യോദയം കിഴക്കൻ എന്റെ നാടിന്റെ കിഴക്കേ അറ്റത്ത് ഒരു വിജ്ഞാന താരകം ഉയർന്ന വരുന്നു.. ശ്രീ ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട് ആദ്യ കേരള സർക്കാർ കേരളത്തിന്റെ വടക്കേ അറ്റത്തെ വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് സ്ഥാപിക്കപ്പെട്ട ആദ്യ വിദ്യാലയമാണ് എം.പി. എം ഹൈസ്ക്കൂൾ ചുങ്കത്തറ എരുമമുണ്ട പോത്തുകൽ പാലേമാട് മണിമൂളി എടക്കര മൂത്തേടം പാലാങ്കര പെരുമ്പിലാട് കരൂളായി തുടങ്ങിയ പ്രദേശങ്ങളിലേക്ക് എല്ലാം ഈ വിജ്ഞാന താരകം പൊൻപ്രഭ വിതറി വിജ്ഞാനത്തിന്റെ പരിമളം പരത്തി സാധാരണക്കാരന് നൽകാവുന്ന ഏറ്റവും നല്ല സമ്മാനമാണ് അന്നത്തെ ഇ.എം.എസ് സർക്കാർ തന്നത് അതാണ് നമ്മുടെ എം.പി.എം സ്കൂൾ..

1952 ൽ കാലം ചെയ്ത ഓർത്തഡോക്സ് സഭയുടെ പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചു തിരുമേനി എന്ന അപരനാമദേയത്തിൽ അറിയപ്പെട്ടിരുന്ന മാർ പീലക്സിനോസ് തിരുമേനിയുടെ സ്മരണാർത്ഥം തുടങ്ങിയ വിദ്യാലയമാണ് എം.പി.എം.. പീലക്സിനോസ് തിരുമേനിയുടെ ജ്യേഷ്ഠ സഹോദര പുത്രനും ചുങ്കത്തറയിലെ സ്ഥിരതാമസക്കാരനും പ്ലാന്റും സബ് ഇൻസ്പെക്ടറും കൂടിയായ ശ്രീ കെ. ടി ജോസഫാണ് ഈ വിദ്യാലയത്തിനായി സ്ഥലം ഒരുക്കിയത്. ആറര ഏക്കറോളം വിസ്തൃതിയിൽ വരുന്ന വിശാലമായ കലാലയമാണ് നമ്മുടെ എം.പി.എം. കുടിയേറ്റ കർഷകരുടെ വിളനിലമായ ചുങ്കത്തറയിൽ വിദ്യയുടെ വിത്തുപാകിയത് എം.പി.എം ഹൈസ്കൂളാണ്. ആ എം.പി.എം ഹൈസ്കൂളിലെ പ്രഥമ അധ്യാപകനായിരുന്നു ശ്രീ.കെ.ഒ. ഫിലിപ്പോസ്. അദ്യപ്രഥമ അധ്യാപകനായിരുന്നു ശ്രീ.കെ.കെ ചെറിയാൻസാർ 27 കുട്ടികളും, പ്രധാന അധ്യാപകനും ശ്രീ.കെ.ഒ ഫിലിപ്പോസ് സാറും ശ്രീ. പി.വി ജോർജ്ജ് സാറും കൂടി തുടങ്ങി വെച്ച ഈ വിജ്ഞാന താരകം.

ഇന്ന് 1500 ലധികം വിദ്യാർത്ഥികൾ പഠിക്കുന്ന അപ്പർ പ്രൈമറി, സെക്കൻണ്ടറി, ഹയർസെക്കണ്ടറി തലങ്ങളും 70 -ൽ പരം അധ്യാപക അനധ്യാപകരെയും ഉൾക്കൊള്ളുന്ന സരസ്വതി നിലയം ചുങ്കത്തറയുടെ നിറദീപമായി നിലകൊള്ളുന്നു. കായികരംഗത്തെ പ്രതിഭകളെ വാർത്തെടുക്കുന്നതിനുള്ള വിശാലമായ കളിക്കളവും, അഞ്ച് ബഹുനില കെട്ടിടങ്ങളും അടങ്ങുന്നതാണ് വിദ്യാലയത്തിന്റെ ബാഹ്യഘടന. വിദ്യാർത്ഥികളുടെ ഗതാഗതസൗകര്യത്തിനായി നാല് സ്കൂൾ ബസ്സുകൾ ഉണ്ട്.

സാങ്കേതികവിദ്യയുടെ മാസ്മരിക ലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ച് ഉയർത്താൻ സഹായിക്കുന്നു.

45 കമ്പ്യൂട്ടറുകൾ അടങ്ങുന്ന രണ്ട് ഐ ടി ലാബുകൾ

വായനാ വസന്തം തീർക്കുന്ന വിശാലമായ ലൈബ്രറി

പരീക്ഷണ നിരീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന സയൻസ് ലാബുകൾ ടെക്സ്റ്റ് ബുക്ക് സൊസൈറ്റി, ഡാൻസ് അക്കാദമി ഇവയെല്ലാം അടങ്ങുന്ന പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന വിദ്യാലയ അന്തരീക്ഷമാണ് എം.പി.എം ന് ഉള്ളത്.

മലങ്കര ഓർത്തഡോക്സ് സഭയുടെ കീഴിലുള്ള കാതോലിക്കേറ്റ് ആൻഡ് എം.ഡി സ്കൂൾ മാനേജ്മെന്റിന്റെ അധികാരപരിധിയിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. നിതാന്ദ വന്ദ്യ ദിവ്യ ശ്രീ ഡോക്ടർ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനിയാണ് മാനേജർ ...

ചുങ്കത്തറയുടെ മണ്ണിൽ ജനിച്ച് വളർന്ന് എം.പി.എം ലൂടെ തന്റെ ബാല്യ കൗമാരങ്ങൾ പൂർത്തിയാക്കി ഉപരിപഠനങ്ങൾക് ശേഷം അധ്യാപന ജീവിതത്തിലൂടെ ഇന്നും ഈ വിദ്യാലയത്തിന്റെ നെടുംതൂണായി പ്രവർത്തിക്കുന്ന ശ്രീ സജി ജോൺ സാർ ആണ് ഞങ്ങളുടെ പ്രിൻസിപ്പൽ..

എടക്കരയുടെ മണ്ണിൽ നിന്നും അച്ചടക്കത്തിന്റെ കാവലാളായി ചുങ്കത്തറയിലെത്തി അധ്യാപകനും ഇപ്പോൾ പ്രധാന അധ്യാപകനുമായി സേവനമനുഷ്ഠിക്കുന്ന ശ്രീ. റെനി വർഗ്ഗീസ് സാറാണ് പ്രധാന അധ്യാപകൻ.

# യു പി വിഭാഗം

## *അക്കാദമിക - നേട്ടങ്ങൾ*

1.) പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികളെ തിരഞ്ഞെടുക്കുകയും അവർക്ക് USS പരിശീലനം നടത്തി വരുകയും ചെയ്യുന്നു. കൂടുതൽ കുട്ടികൾക്ക് വിജയിക്കാനുള്ള അവസരവും ആത്മവിശ്വാസവും വളർത്തുന്നു.

2.) 5,6,7 ക്ലാസ്സിലെ കുട്ടികൾക്ക് Scout & Guide -ൽ മികച്ച പരിശീലനം നടത്തി വരുന്നു.

3.) വിദ്യാരംഗം, സയൻസ് ക്ലബ്ബ്, സോഷ്യൽസയൻസ് ക്ലബ്ബ്, മാത്സ് ക്ലബ്ബ് ഇവയുടെ പ്രവർത്തനം മികച്ച രീതിയിൽ നടന്നു വരുന്നു.

4.) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും, അവർക്ക് വേണ്ടി മലയാളം, ഇംഗ്ലീഷ്, കണക്ക്, ഹിന്ദി ഈ വിഷയങ്ങളിൽ അധ്യാപകർ വിജയസ്പർശം പദ്ധതി നടത്തി വരികയും ചെയ്യുന്നു.

5.) കുട്ടികളുടെ അക്കാദമിക് നിലവാരം പുലർത്താൻ Unit Test, midterm പാദവാർഷിക പരീക്ഷകൾ, വാർഷീക പരീക്ഷകൾ തുടങ്ങിയവ നടത്തി മൂല്യനിർണ്ണയം ചെയ്ത് അവരുടെ പുരോഗതി വിലയിരുത്താനായി രക്ഷാകർത്താക്കളുടെ മീറ്റിംഗ് വിളിക്കുകയും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു.

6) കായികപരിശീലനം അവധികാലത്ത് വളരെ ഭംഗിയായി നടത്തുന്നു. സ്പോർട്സ്, കലാമത്സരം, പ്രവൃത്തി പരിചയം തുടങ്ങിയവയിൽ പ്രത്യേക പരിശീലനം നൽക്കുകയും വിജയികളായവരെ സബ്ജില്ലാ ജില്ലാ സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു.

7.) സ്കൂളികളിലെ എല്ലാ ക്ലാസ്സുകളിലേയും കുട്ടികളുടെ വീടുകൾ ക്ലാസ്സ് ടീച്ചർ ഉൾപ്പെടുന്ന അധ്യാപകരുടെ ഒരു സംഘം സന്ദർശിക്കുകയും മാതാപിതാക്കളുടെ കുടുംബാഗങ്ങളുമായുള്ള സൗഹൃദാന്തരീക്ഷം നിലനിർത്തുകയും ചെയ്യുന്നു.

8) കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി ലൈബ്രറി നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ആഴ്ചയിൽ 3 ദിവസം കുട്ടികൾ ലൈബ്രറി സന്ദർശിക്കുകയും അവരുടെ അഭിരുചിക്കനുസരിച്ചുള്ള പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിച്ച് അവയുടെ വായനാക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.

9.) പ്രകൃതിയോട് ഇണങ്ങി ജീവിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന തരത്തിലുള്ള ഒരു ശലഭോദ്യാനം ഇവിടെ നിർമ്മിച്ചിട്ടുണ്ട്. ഇവിടെ വിവിധ തരത്തിലുള്ള ഫലവൃക്ഷങ്ങൾ, വിവിധ ചെടികൾ ധാരാളമായി നട്ടുവളർത്തിയിട്ടുണ്ട്.

10.) കുട്ടികളുടെ യാത്രാസൗകര്യം പരിഗണിച്ച് സ്കൂൾ ബസ് പ്രവർത്തിക്കുന്നു.

## ഭൗതികം - നേട്ടങ്ങൾ

- നിലവിൽ 9 ക്ലാസ്സ് മുറികൾ ടൈൽ ഇട്ടതാണ്. ഹൈടെക് സംവിധാനവും ലാപ്ടോപ്പ്, പ്രൊജക്ടർ സൗകര്യമുള്ളതുമാണ്. കുട്ടികൾക്ക് വായനക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ക്രമീകരിച്ചിട്ടുണ്ട്.
- 15 കമ്പ്യൂട്ടറുകളുള്ള യു പി ഐടി ലാബ് സ്കൂളിന്റെ മറ്റൊരു ഭൗതീക നേട്ടമാണ്.
- കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഉണ്ട്.
- അഞ്ച് ബസ് ഇടാനുള്ള ബസ് ഷെഡ് പണിതിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ശുദ്ധജലം കുടിക്കാനുള്ള വാട്ടർപ്യൂരിഫിക്കേഷൻ സൗകര്യമുണ്ട്.
- സ്മാർട്ട് റൂം സൗകര്യം ക്ലാസ്സ് മുറകളിൽ ഉണ്ട്. അധ്യാപകർക്ക് ഇരിക്കാനുള്ള സൗകര്യങ്ങളോടുകൂടിയ സ്റ്റാഫ്റൂം സൗകര്യമുണ്ട്. ജൈവവൈവിധ്യ ഉദ്യാനം, ബട്ടർഫ്ളൈ ഗാർഡൻ ഇവയുണ്ട്. വിശാലമായ കളിസ്ഥലം ഉണ്ട്.

## ഭൗതികം - പരിമിതികൾ

- ഡിജിറ്റലൈസ്ഡ് ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്. അതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്.
- കുട്ടികൾക്ക് ശൗചാലയങ്ങൾ നിലവില് ഉണ്ടെങ്കിലും ആധുനിക സൗകര്യങ്ങളോടുകൂടിയ ശൗചാലങ്ങൾ പണിയണം. നിലവിലുള്ളവ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.
- ആകർഷകമായ വിധത്തിൽ പൂന്തോട്ടം ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്.
- സ്പോർട്സ് കം - കുട്ടികളുടെ കളിക്കാനുള്ള സാധനസാമഗ്രികൾ സൂക്ഷിക്കാനുള്ള പ്രത്യേക റൂം സൗകര്യം ഉണ്ടാവേണ്ടതുണ്ട്.
- വിശാലമായ കളിസ്ഥലമുണ്ടെങ്കിലും ഒരു സ്പോർട്സ് പവിലിയൻ ഇൻഡോർ സ്റ്റേഡിയം, ഷട്ടിൽ കോർട്ട് ബാസ്കറ്റ് ബോൾ, കോർട്ട് എന്നിവ ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു.
- കായിക പഠനം കാര്യക്ഷമമാക്കുന്നതിൽ ഇവക്ക് നിർണ്ണായ പങ്കുണ്ട്.
- പെൺകുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന അവശതകൾക്കും മറ്റും വിശ്രമിക്കുന്നതിനാവശ്യമായ 'വിശാന്തി മന്ദിരം' ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഒരുക്കിയാൽ ഏറെ ഗുണം ചെയ്യുമായിരുന്നു.
- വിശാലമായ ഒരു ഓഡിറ്റോറിയം ഉണ്ടാക്കുന്നതിലേക്കുള്ള ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും അത് പ്രയോഗിക തലത്തിലേക്ക് എത്തിക്കാൻ കാലതാമസം നേരിടുന്നു.
- ഇംഗ്ലീഷ് തിയ്യറ്റർ, സോഷ്യൽ സയൻസ് ലാബ്, സയൻസ് വിഷയങ്ങൾക്ക് ഫിസിക്സ് ലാബ്, കെമിസ്ട്രി ലാബ്, ബയോളജി ലാബ് ഇവയുടെ ആവശ്യകത ഏറെയുണ്ട്.

## സാമൂഹികം നേട്ടങ്ങൾ

- സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം (എൻ.സി.സി.ജെ.ആർ.സി ലിറ്റിരൽ കൈറ്റ്സ്, സൗക്ട്ട് & ഗൈഡ്സ്) സാമൂഹികമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു.
- സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു.
- സാമൂഹിക ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷതൈകൾ വച്ച് പിടിപ്പിക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.
- സ്കൂളിലെ NCC യുടെ ഭാഗമായി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും വൃദ്ധസദനങ്ങൾ സന്ദർശിച്ച് ഭക്ഷണം നൽകുകയും, വഴിയോരങ്ങൾ ശുചീകരിക്കുകയും ചെയ്തിട്ടുണ്ട്. ദിനാചരണങ്ങൾ ആചരിക്കുകയും ചെയ്യാറുണ്ട്.

## പരിമിതകൾ

- പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും, പഠനസമയം കൂടുതൽ നഷ്ടമാകുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്.
- സന്നദ്ധ സംഘടനകൾക്ക് സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള പരിമിത സാമ്പത്തിക പ്രതിസന്ധിയാണ്

## *അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ*
## *വികസന ലക്ഷ്യങ്ങൾ*

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം - അനായാസകരമാക്കാൽ
- വായനാ ശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്രപോഷണ പരിപാടി
- ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & സോഷ്യൽസയൻസ്
- പ്രതിഭാപോഷണ പരിപാടി
- ലൈബ്രറി ശാക്തീകരണം
- ജൈവ വൈവിധ്യപാർക്ക് വിപുലീകരണം
- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
- പഠനയാത്രകൾ
- സ്കൂൾ പത്രം മാസിക
- അധ്യാപിക ശാക്തീകരണം - സ്കൂൾ SRG തലം
- പ്രവൃത്തി പരിചയ പരിശീലനം
- കലാപരിപോഷണം
- പച്ചക്കറിത്തോട്ടം
- സാഹിത്യ ശില്പശാലകൾ
- ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
- സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
- ഭാഷാ ലാബ്
- ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
- ഗവേഷണാത്മക പഠനം
- കായികശേഷി വികസനം
- വിലയിരുത്തൽ കാര്യക്ഷമാക്കൽ
- ചോദ്യപേപ്പർ ശില്പശാല
- ഐ.ടി പഠനം - കാര്യക്ഷമമാക്കൽ
- ജന്മദിന പുസ്തകം
- ചിത്രരചനാ ക്യാമ്പ്
- ശാസ്ത്ര, ഗണിതശാസ്ത്ര SS, IT പ്രവൃത്തി പരിചയ മേളകൾ
- ക്ലാസ്സ് പി.ടി.എ കാര്യക്ഷമമാക്കൽ

*ഗണിതം*
*യു.പി മേഖല*

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | <u>ഗണിത ശില്പശാല</u> കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു മുത്തുകൾ) ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | <u>ഗണിതഗ്രാമം</u> ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങൾ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാകുന്ന രീതിയിൽ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ/ ആറോ തവണ | ഗണിത അധ്യാപകർ | |
| ആധുനികശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ITസാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിലെത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | <u>ഗണിതക്ലിനിക്ക്</u> ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് | ആഴ്ചയിൽ ഒരു പിരിയിഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

| | | | | |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | മാർഗ്ഗനിർദ്ദേശം നൽകുകയും പോരായ്മ കണ്ടെത്തി പ്രവർത്തനങ്ങൾ നൽകുന്നു<br><br>ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

***അക്കാദമിക് മാസ്റ്റർ പ്ലാൻ***
***സോഷ്യൽ സയൻസ്***

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക് വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | |
| | - ഓർമ്മച്ചെപ്പ് അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക് വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | - Virtual Field Trip ICT ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക് വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | - ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ ടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതി യുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക് വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാ രാക്കുന്നു | - ഭൂകമ്പം വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ച് പഠിതാക്കളെ ബോധവാന്മാരാ ക്കുകയും ചെയ്യുന്നു. | അക്കാദമിക് വർഷം | സോഷ്യൽ സയൻസ് അധ്യാപകർ<br><br>സോഷ്യൽ സയൻസ് അധ്യാപകർ | |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ ക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ ക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻമാരാ ക്കുന്നു. | - സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആദിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥന്മാ രുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക് വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | |
| സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | - അറിവിനെ സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷ നേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരം വേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക് വർഷം | സോഷ്യൽ സയൻസ് അധ്യാപകർ | |

***അക്കാദമിക മാസ്റ്റർ പ്ലാൻ***
***സയൻസ്***

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | അടിസ്ഥാന ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം | ശാസ്ത്ര അധ്യാപകൻ | |
| ജീവിതസാഹ ചര്യങ്ങളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണ ങ്ങളിലൂടെ ശാസ്ത്ര ക്ലാസ്സുകൾ ആരംഭിക്കുന്നു.<br>• ശാസ്ത്രകിറ്റുകൾ നിർമ്മിക്കുന്നു.<br>•പരീക്ഷണകുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | • ആധുനികശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം - 1 തവണ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | • കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി സെമിനാറുകൾ, പ്രോജക്ടുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| ശാസ്ത്ര - സാങ്കേതിക മേഖലകളിലെ മനുഷ്യനേട്ടങ്ങൾ മനസ്സിലാക്കാനും പ്രചോദനം ഉൾക്കൊള്ളാനും കഴിയുന്നതിന് | • ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയചുമർ ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| | •ചന്ദ്രാദിനാഘോഷം | ജൂലൈ 21 | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | |
| | • ദേശീയ ശാസ്ത്രദിനം | ഫെബ്രുവരി 28 | | |
| | •ശാസ്ത്രക്കുറിപ്പുകൾ, ശാസ്ത്രലേഖനങ്ങൾ, വിവിധ ശാസ്ത്രജ്ഞന്മാരുടെ പ്രധാന കണ്ടുപിടുത്തങ്ങൾ എന്നിവ ഉൾപ്പെടുത്തി ശാസ്ത്ര മാഗസിൻ തയ്യാറാക്കൽ | അക്കാദമിക വർഷം 1 തവണ | | |
| | • ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രചിന്ത, പരീക്ഷണശേഷി എന്നിവ പരിപോഷിപ്പിക്കുകയും ശാസ്ത്ര പഠനത്തിൽ ഔന്നിത്യം നേടുകയും ചെയ്യുന്നതിന് | • ശാസ്ത്രക്വിസ് - പരിശീലനം, മത്സരങ്ങൾ എല്ലാ മാസത്തിലും നടത്തുന്നു.<br><br>• ശാസ്ത്രമേള സംഘടിപ്പിക്കൽ, സബ്ജില്ല- ജില്ലതല മത്സരങ്ങൾക്കായുള്ള പരിശീലനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ<br><br>സയൻസ് ക്ലബ്ബ് | |

**ഇംഗ്ലീഷ്**
**യു.പി മേഖല**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English class<br>English Cartoon പ്രദർശനം<br>English Assembly. | അവധിക്കാലം/ ആഴ്ചകൾ | P.T.A Teacher | |
| സ്വതന്ത്ര വായനക്ക് സജ്ജരാക്കുക. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | അക്ഷര കാർഡ്, പദകാർഡ് വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ പത്രവായന, പദസമ്പാദനം എന്റെ ഡയറി ന്യൂസ് റീഡിംഗ് ലഘുകഥ നിർമ്മാണം | ക്ലാസ്സ്റൂം പ്രവർത്തനം<br>ക്ലാസ്സ് റൂം പ്രവർത്തനം അസംബ്ലി | PTA, SRG, Teachers<br>Teachers | |
| കവിതാലാപനത്തിന് പ്രാതരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം കവിതാലാപന മത്സരങ്ങൾ നടത്തുന്നു | ക്ലാസ് പ്രവർത്തനം ശനിയാഴ്ചകൾ | Teachers PTA | |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ്സ്/ സ്കൂൾ ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ | ആഴ്ചയിൽ ഒരു ദിവസം | Teacher | |
| വ്യാകരണ ശദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധികസമയത്തിൽ (9 to 10) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ്സ് | ആഴ്ചയിൽ രണ്ട് ദിവസം | Teacher | |

*മലയാളം*
*യു.പി മേഖല*

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ് 2. അക്ഷരം ഉറപ്പിക്കൽ 3. ചിഹ്നങ്ങൾ ഉറപ്പിക്കൽ 4. വാക്കുകൾ നിർമ്മിക്കൽ 5. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്<br><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യാവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | June to September | മലയാളം അധ്യാപകർ | |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | 1. പത്രവായന 2. പുസ്തക വായനം, 3.വായനക്കുറിപ്പ് തയ്യാറാക്കൽ വാർത്താലോകത്തേക്ക് പത്രം, മാസികകൾ, ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുകയും വായനാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. | October to December | മലയാളം അധ്യാപകർ | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. വിഷയത്തിന്റെ അടിസ്ഥാനത്തിൽ കഥാരചന, കവിതാ രചന | January to Februvary | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക (കലാവാസനകളെ പരിപോഷിപ്പിക്കൽ) | 1. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുന്നു.<br>2. പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ സ്ക്രിറ്റുകൾ തുടങ്ങിയവയുടെ അവതരണം | | | |

## പ്രവർത്തന കലണ്ടർ
## വിഷയം: മലയാളം

| | | |
|---|---|---|
| ജൂൺ 19 -24 | - | വായനാ വാരാചരണം |
| | - | സാഹിത്യക്വിസ് |
| | - | പതിപ്പ് നിർമ്മാണം |
| | - | ഒരു കുട്ടി ഒരു പുസ്തകം സ്കൂളിന് |
| ജൂലൈ 5 | : | ബഷീർ അനുസ്മരണം |
| | : | ചുമർ പത്രിക |
| | : | ബഷീർ ദിന പോസ്റ്ററുകൾ |
| | : | പുസ്തക പരിചയം |
| | : | ബഷീറുമായി ബന്ധപ്പെട്ട വിവിധയിനം ചിത്രങ്ങൾ (പതിപ്പ്) |
| ആഗസ്റ്റ് 17 | : | ചിങ്ങം 1 : ആശംസ കാർഡ് നിർമ്മാണം |
| നവംബർ 1 | : | കേരളപ്പിറവിദിനം- സ്കൂൾ അസംബ്ലി |
| ഡിസംബർ 22 | : | വൈലോപ്പിള്ളി ചരമദിനം പദ്യപാരായണ മത്സരം |
| ഫെബ്രുവരി 21 | : | മാതൃഭാഷാദിനം : അസംബ്ലി |

**അറബിക്**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷ പഠന നേട്ടങ്ങൾ എല്ലാകുട്ടികളും നേടുക ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ വിധം പ്രാപ്തമാക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | കൈത്താങ്ങ് ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽക്കുകയും എഴുത്തു വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ | മൂന്ന് മാസം | പുസ്തകങ്ങൾ<br>കാർഡുകൾ | |
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുന്നു. | പ്രൈമറി ക്ലാസ്സ് മുതൽ ഭാഷശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>• മുന്നറിവ് പരിശോധിക്കൽ<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷ കളികൾ | രണ്ട് മാസം | പുസ്തകൾ വർക്ക് ഷീറ്റുകൾ | |

| | | | | |
|---|---|---|---|---|
| കരികുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുവാനുള്ള ശ്രമം | വായനമത്സരം വാട്സ് ആപ്പ് ഗ്രൂപ്പ് (വായന) വായന കുറിപ്പുകൾ | 6 മാസം | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | |
| വായന, എഴുത്ത്, എന്നിവയുടെ ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സ് റൂമുകളിൽ ഒരുക്കുക. | എഴുത്തുത്സവം എഴുത്തുക്കൂട്ടം ചുമർ പത്രങ്ങൾ പോസ്റ്ററുകൾ ഭാഷ കളികൾ | 12 മാസം | അസംബ്ലി ചാർട്ടുകൾ | |
| അറബി ഭാഷ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുന്നു. | യൂണിറ്റ് തല നിഘണ്ടു നിർമ്മാണം. ഒരേ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ്/ പിഡിഎഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു. | 6 മാസം | | |
| കുട്ടികൾക്ക് കലാപരിപാടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | ക്ലാസ് തല മത്സരങ്ങൾ കഥ, പ്രസംഗം ഗാനം വാർത്തകൾ അവതരിപ്പിക്കുന്നു. | ഒരു വർഷം | | |
| അറബി ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിനു വേണ്ടി. | അറബി ടൈപ്പിംഗ് പരിശീലനം പരിചയപ്പെടുത്തുന്നു. | 6 മാസം | | |

| | | | | |
|---|---|---|---|---|
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക | അറബിക് കമ്മ്യൂണിക്കേഷൻ ആശയ വിനിമയ വേദി സ്കൂൾ തലം ക്ലാസ്സ തലം അറബിക് മേള, നാടകം മോണോ ആക്ട്,പ്രസംഗം സംഭാഷണം, ഭാഷ കളികൾ അസംബ്ലി | 24 മാസം | ITCപുസ്തകങ്ങൾ | |
| സർഗ്ഗ കഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | ലാഗേജ് ലാബ് സ്മാർട്ട് ക്ലാസ്റൂം ചിത്രീകരണങ്ങൾ | 36 മാസം | | |
| ലക്ഷ്യം വിത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം | ദിനാചരങ്ങളുമായി ബന്ധപ്പെട്ട പ്ലേ കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം നടത്തുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അസംബ്ലി ചാർട്ടുകൾ | |
| അറബി ഭാഷശേഷി വർദ്ധിപ്പിക്കുക<br><br>പദസമ്പത്ത് അധികരിപ്പിക്കുക | പുതിയ പദം പരിചയപ്പെടൽ<br><br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള പദങ്ങൾക്കും വാക്കുകൾക്കും പുറമെ കഥാ കവിത പുസ്തകങ്ങളിൽ നിന്നോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ, പാഠഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നവർക്ക് സമ്മാനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br><br>കാർഡുകൾ<br><br>സിഡികൾ | |

| | | | | |
|---|---|---|---|---|
| | സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | | | |
| ഓരോ മാസവും കുട്ടികൾ വായനാ തൽപരരാവുകയും ഭാഷ വർദ്ധിപ്പിക്കുകയും ചെയ്യുന്നു | മാസത്തിലൊരിക്കൽ, ക്ലാസ്സ്, തലത്തിൽ വായനമത്സരം കയ്യെഴുത്ത് പരിശോധിച്ച് സമ്മാനം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ചാർട്ടുകൾ പുസ്തകങ്ങൾ | |
| ഭാഷപഠനത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗേജ് ക്ലാസ്റൂം ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യകവിത ശേഖരങ്ങൾ ചിത്രീകരണങ്ങൾ ആനിമേഷൻ മുതലായവയുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇന്റർനെറ്റ് സൗകര്യം വെബ്സൈറ്റുകൾ | |

## ഹിന്ദി
## അക്കാദമിക് മാസ്റ്റർ പ്ലാൻ

**പൊതുലക്ഷ്യങ്ങൾ**

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തി എടുക്കുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികൾക്കും നേടി എന്ന് ഉറപ്പാക്കുക
- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഹിന്ദി ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തുക | ക്ലാസ്സിൽ ചെറിയ ചെറിയ സംഭാഷണങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുക | ജൂൺ ജൂലൈ ആഗസ്റ്റ് | ഹിന്ദി അധ്യാപിക | |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദിയുമായി ബന്ധപ്പെട്ട് തരുന്ന മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | പദ്യം ചൊല്ലൽ, കഥ കവിത, പോസ്റ്റൽ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | സെപ്റ്റംബർ ഒക്ടോബർ നവംബർ | ഹിന്ദി അധ്യാപിക | |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്ന ഡയറി എഴുതുവാനറിയുന്നു. | എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം പാഠഭാഗത്തിലെ സന്ദർഭങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. | ഡിസംബർ ജനുവരി ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായക്കുവാൻ നൽകുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ഹിന്ദി അധ്യാപിക | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്ന വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ പഠിക്കുന്നു. | ചാർട്ടുകൾ നൽകുന്നു. ITC ഉപയോഗിച്ച് വാക്യങ്ങൾ നൽകുകയും അതിൽ നിന്ന് നാമം, സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | ഹിന്ദി അധ്യാപിക | പി.ടി.എ<br>പിസ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറി യുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നിൽകുന്നു. ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദനകുറിപ്പ് തയ്യാറാക്കുന്നു. | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയുവാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചിതമാക്കുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുന്നു | അക്ഷരമാല അടങ്ങിയ ചാർട്ട് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ഹിന്ദി അധ്യാപിക | പി.ടി.എ<br>ഫണ്ട് 150/- |
| ആഴ്ചയുടെ പേരുകൾ, 1 മുതൽ 30 വരെയുള്ള സംഖ്യകൾ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പഠിക്കുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | ഹിന്ദി അധ്യാപിക | |
| ഹിന്ദി എഴുതുവാനും വായിപ്പിക്കുവാനും പരിശീലിപ്പിക്കുന്നു. അതായത് അനായാസമായി വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ ചെറുകവിതകൾ വായിക്കാൻ നൽകുന്നു. | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

***അക്കാദമി നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ***
***പ്രവർത്തി പരിചയം***

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സമഗ്ര വികസനം | കൃഷിയെക്കുറിച്ചും ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ചും അറിവ് നൽകുക | 3 മാസം | പ്രവർത്തി പരിചയം ക്ലബ്ബ് | |
| ശുചീകരണം | ആരോഗ്യവും, ആരോഗ്യ പരിപാലനവും | അക്കാദമിക വർഷം | പ്രവർത്തി പരിചയ ക്ലബ്ബ് | |
| സ്വയം വരുമാനം സ്വയം പര്യാപ്തത | പൂക്കൾ നിർമ്മാണം, അലങ്കാര വസ്തുക്കളുടെ നിർമ്മാണം ഉപയോഗമില്ലാത്ത വസ്തുക്കളുടെ പുനർനിർമ്മാണം | അക്കാദമിക വർഷം | പ്രവർത്തി പരിചയ ക്ലബ്ബ് | |

***ആരോഗ്യ - കായിക - വിദ്യാഭ്യാസം***

പ്രവർത്തന ലക്ഷ്യങ്ങൾ

1. വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ശീലങ്ങൾ വളർത്തുക
2. വ്യത്യസ്ത കായിക ശാഖയെക്കുറിച്ച് അടിസ്ഥാനപരമായ അറിവ് നൽകുക
3. ടീം സ്പിരിറ്റ്, അച്ചടക്കം, സഹകരണ, ക്ഷമ തുടങ്ങിയ മൂല്യങ്ങൾ വളർത്തുക
4. സ്കൂൾതലത്തിൽ നിന്ന് ജില്ലാ തലത്തിലുള്ള മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കുക

| മേഖല | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| യോഗപരിശീലനം | യോഗയുടെ അടിസ്ഥാനം (ശ്വാസനിയന്ത്രണം, ആസനങ്ങൾ, ധ്യാനം) ആഴത്തിലുള്ള ശ്വസന പരിശീലനം വിദ്യാർത്ഥികൾക്ക് മാതൃകാ പ്രദർശനം | അക്കാദമിക് വർഷം | കായിക അധ്യാപകൻ | P.T.A |
| വോളിബോൾ പരിശീലനം | പരിശീലന ഗ്രൂപ്പുകൾ രൂപീകരിക്കുക പോസിഷനുകൾ നിർണ്ണയിച്ച് പരിശീലനം സ്കൂൾ ക്ലാസ്സുകൾ തമ്മിൽ മത്സരങ്ങൾ | അക്കാദമിക് വർഷം | കായിക അധ്യാപകൻ | P.T.A |
| ഹോക്കി പരിശീലനം | ഗെയിം - പ്ലാൻ പഠനം ഇന്റർ- ക്ലാസ്സ് മത്സരം | അക്കാദമിക് വർഷം | കായിക അധ്യാപകൻ | P.T.A പൂർവ്വ വിദ്യാർത്ഥികൾ |
| അത്‌ലറ്റിക് പരിശീലനം | 100മീ. 200മീ, ലോംഗ് ജംപ്, ഷോട്പുട്ട് റിലേ പരിശീലന സെഷനുകൾ - അത്‌ലറ്റിക് മീറ്റ് സംഘടിപ്പിക്കൽ- അത്‌ലറ്റുകളെ പരിചയപ്പെടുത്തൽ | അക്കാദമിക് വർഷം | കായിക അധ്യാപകൻ | P.T.A പൂർവ്വ വിദ്യാർത്ഥികൾ സംഘടന |

| *കലാപഠനം* | | | | |
|---|---|---|---|---|
| മേഖല | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കലാപഠനം | ജൂൺ | കലാപഠനത്തിന്റെ ആമുഖം കുട്ടികളിൽ ഉള്ള സർഗവാസനകൾ കണ്ടെത്താൻ ഗ്രൂപ്പ് ചർച്ച കലാരൂപങ്ങൾ പരിചയപ്പെടുത്തൽ | കലാ അധ്യാപകൻ | |
| ചിത്രരചന | അക്കാദമിക് വർഷം | വർക്ക്ഷോപ്പ് | കലാ അധ്യാപകൻ | |
| നാടകം | | നാടകകളരി - ചെറിയ സ്ക്രിറ്റ് തയ്യാറാക്കൽ - കഥാ സംവിധാനം അഭിനയം, സംഭാഷണം | കലാ അധ്യാപകൻ | |
| നാടൻ കലകൾ | അക്കാദമിക് വർഷം | നാടൻപാട്ട്, ശില്പശാല | കലാ അധ്യാപകൻ | |
| നാട്ടറിവ് | അക്കാദമിക് വർഷം | കലാമണ്ഡലവും അവിടുത്തെ കലാപഠനവും പരിചയപ്പെടുത്തൽ - കലാമണ്ഡല സന്ദർശനം | കലാ അധ്യാപകൻ | |
| ഗോത്രകല | അക്കാദമിക് വർഷം | ആദിവാസി ഗോത്രകലകളെ കുറിച്ചുള്ള പഠനം ഗോത്രകലാ കാരന്മാരുമായി അഭിമുഖം | കലാ അധ്യാപകൻ | |
| ദേശഭക്തി ഗാനം | അക്കാദമിക് വർഷം | ദേശഭക്തിഗാന പരിശീലനം | കലാ അധ്യാപകൻ | |

# സംഗമം 2025

ലക്ഷ്യങ്ങൾ

1. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക
2. കുട്ടികളുടെ മാനസികാരോഗ്യവും ശീലവും മനസ്സിലാക്കാൻ രക്ഷിതാക്കൾക്ക് സഹായമാകുക
3. സ്കൂൾ - രക്ഷിതാക്കൾ - വിദ്യാർത്ഥികൾ തമ്മിലുള്ള ബന്ധം ശക്തമാക്കുക
4. സ്കൂളിന്റെ അക്കാദമിക്, സാമൂഹിക, വികസന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളെ ഉൾപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രക്ഷിതാക്കളെ പരിചയപ്പെടൽ | Welcom Meet | ജൂൺ | H M | |
| കുട്ടികളുടെ വളർച്ച മനശാസ്ത്രം, പഠനശീലങ്ങൾ മാനസികാരോഗ്യം, ഡിജിറ്റൽ നിയന്ത്രണം തുടങ്ങിയ വിഷയങ്ങളിൽ സെഷനുകൾ | ശില്പശാല വർക്ക് ഷോപ്പ് | ആഗസ്റ്റ് | SRG | |
| അക്കാദമിക ചർച്ചകൾ സ്കൂൾ വികസനം പഠനപുരോഗതി | പി.ടി.എ പൊതുയോഗം | ജൂൺ നവംബർ ഫെബ്രുവരി | Class Teacher | |
| ഓരോ ക്ലാസ്സിലും പ്രത്യേകമായി കുട്ടികളുടെ പുരോഗതി വിശദമാക്കൽ | ക്ലാസ് അധിഷ്ഠിത രക്ഷാകർതൃ യോഗങ്ങൾ | അക്കാദമിക വർഷം | P T A | |
| പരീക്ഷ സമ്മർദ്ദം ടൈം മാനേജ്മെന്റ് പിന്തുണ നൽകാനുള്ള മാർഗ്ഗങ്ങൾ | പരീക്ഷ മുന്നൊരുക്കം രക്ഷിതാക്കൾക്കായി സെമിനാർ | ഫെബ്രുവരി | | |

*വിജയ സ്പർശം*

ലക്ഷ്യങ്ങൾ 5 – 7 ക്ലാസ്സുകളിൽ എഴുത്ത് – വായനാ, ഗണിതസംബന്ധമായ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിശീലനം

ലക്ഷ്യങ്ങൾ

1. എഴുത്ത് – വായനാ കഴിവുകൾ ശക്തിപ്പെടുത്തുക
2. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വ്യക്തിഗത പിന്തുണ നൽകുക
3. ആത്മവിശ്വാസം, ക്ലാസ്സ് റൂം പങ്കാളിത്വം വർദ്ധിപ്പിക്കുക
4. ഭാഷാ വിഷയങ്ങളിൽ താല്പര്യം ഉണ്ടാക്കുക

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | സ്ക്രീനിംഗ് ടെസ്റ്റ് | ജൂൺ രണ്ടാമത്തെ ആഴ്ച ഗണിതം | അധ്യാപകർ മലയാളം, ഇംഗ്ലീഷ് ഗണിതം | |
| | വിദ്യാർത്ഥി തെരഞ്ഞെടുപ്പ് | 5–7 ക്ലാസ്സുകളിൽ നിന്നും കുട്ടികളെ കണ്ടെത്തുക. | ജൂൺ | |
| | സെപ്ഷ്യൽ ക്ലാസ്സ് | Evening 3.45 to 4.15 (Timetable പ്രകാരം) | ജൂലൈ – മാർച്ച് | |
| | വാരാന്ത്യ പുരോഗതി വിലയിരുത്തൽ | അധ്യാപകർ | എല്ലാ മാസവും | |
| | രക്ഷിതാക്കൾക്ക് വിവരം പങ്കെവെയ്ക്കുന്നു. സഹകരണം ഉറപ്പാക്കുന്നു | രക്ഷിതാക്കളുടെ യോഗം | ഓഗസ്റ്റ് – ജനുവരി ക്ലാസ്സ് ടീച്ചർ | |
| | അവസാന വിലയിരുത്തൽ | Before annual exam | ചുമതലപ്പെട്ട അധ്യാപകർ | |
| | റിപ്പോർട്ട് തയ്യാറാക്കൽ ഡോക്യുമെന്റേഷൻ | വിദ്യാർത്ഥിയുടെ പുരോഗതി രേഖപ്പെടുത്തുന്നു. | മാർച്ച് അവസാനം | |

***നേർക്കാഴ്ച***

(ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ)

***<u>പ്രവർത്തന ലക്ഷ്യങ്ങൾ</u>***

- കുട്ടികളിൽ ലഹരിയുടെ തീവ്രതയും ദോഷഫലങ്ങളും തിരിച്ചറിയാനുള്ള അവബോധം വളർത്തുക.
- ജീവിതത്തിൽ നല്ല രീതികൾ, ആരോഗ്യപരമായ ശീലങ്ങൾ, സ്വാഭാവിക സന്തോഷം എന്നിവയുടെ മഹത്വം കുട്ടികൾക്ക് മനസ്സിലാക്കികൊടുക്കുക.
- കുടുംബത്തിലും സമൂഹത്തിലും ലഹരി ഉപയോഗം എങ്ങനെ പ്രത്യാഘാതം സൃഷ്ടിക്കുന്നു എന്നറിയിക്ക.
- " നോ" എന്ന് വ്യക്തമായി പറയാനുള്ള ആത്മവിശ്വാസം കുട്ടികളിൽ വളർത്തുക

| മാസം | ലഹരി വിരുദ്ധ ദിനാചരണം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ | (ജൂൺ 26) | സ്കൂൾതല- ഉദ്ഘാടനം ബോധവത്ക്കരണ ക്ലാസ്സ് പ്രതിജ്ഞ പോസ്റ്റർ |
| ജൂലൈ | കഥയും സന്ദേശവും വിഡിയോ പ്രദർശനം | ലഹരി വിരുദ്ധ സന്ദേശമുള്ള കഥകളുടെ വായനയും പ്രദർശനവും |
| ഓഗസ്റ്റ് | ചിത്രരചന മത്സരം | വിഷയം " എന്റെ സ്വപ്ന ലോക ലഹരിയില്ലാതെ" |
| സെപ്റ്റംബർ | ലഹരി വിരുന്ന ഗ്രൂപ്പ് സോങ്ങ് ഫ്ളോഷ് മോബ് | കുട്ടികൾക്ക് ലഹരി വിരുന്ന് പാട്ടുകൾ പരിശീലനം |
| ഒക്ടോബർ | രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസ്സുകൾ | വിദഗ്ദ്ധരായ വ്യക്തികളാൽ ശില്പശാല |

| | | |
|---|---|---|
| നവംബർ | ലഹരി വിരുദ്ധ കേന്ദ്രങ്ങൾ സന്ദർശനം | കുട്ടികൾക്ക് ലഹരിയിൽ നിന്ന് മോചിതരായവരുടെ അനുഭവങ്ങൾ പങ്ക് വയ്ക്കുന്നു |
| ഡിസംബർ | ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കുട്ടികളുടെ നിർമ്മിക്കൽ | ഫ്ളാഷ് കാർഡ് നിർമ്മാണം |
| ജനുവരി | സ്കിറ്റ് | ലഹരി - വിരുദ്ധ സന്ദേശം അടങ്ങിയ ചെറു നാടകങ്ങൾ അധ്യാപക മാർഗ്ഗ നിർദ്ദേശത്തോടെ |
| ഫെബ്രുവരി | ലഹരി വിരുദ്ധ ക്ലാസ്സ് പത്രം | ഓരോ ക്ലാസ്സും ഒരു ലഘു പത്രം തയ്യാറാക്കുക - കുട്ടികൾക്ക് സൃഷ്ടി പരമായ പങ്കാളിത്തം |
| മാർച്ച് | ലഹരി വിരുദ്ധ പ്രവർത്തന ങ്ങളുടെ വാർഷിക അവലോകം | വിദ്യാർത്ഥികളുടെയും അധ്യാപകരു ടെയും അഭിപ്രായങ്ങൾ സമാഹരിച്ച് റിപ്പോർട്ട് തയ്യാറാക്കുക |

## ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | USS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | അക്കാദമിക വർഷം | മാത്സ് ടീച്ചർ | |

## *ഉപസംഹാരം*

ചുങ്കത്തറ എം.പി.എം ഹയർസെക്കണ്ടറി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സമഗ്രമായ വികസനമാണ് ഇതിന്റെ ലക്ഷ്യം. ഗുണമേന്മയുള്ള ഉൾച്ചേർന്ന വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും സഹായം സ്കൂളിന് ലഭ്യമാകും എന്ന വിശ്വാസവുമുണ്ട്. അതിന് കഴിയുമെന്ന ഉത്തമ വിശ്വാസത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ദീപ്തി

## MPM HSS CHUNGATHARA



## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | : മലപ്പുറം |
| സ്കൂൾ കോഡ് | : 48044 |
| സ്കൂളിന്റെ പേര് | : എം.പി.എം. എച്ച്. എസ്. എസ് ചുങ്കത്തറ |
| പിൻകോഡ് | : 679334 |
| ഫോൺ നമ്പർ | : 9446287600 |
| ഇ.മെയിൽ അഡ്രസ്സ് | : mpmhss@gmail. com |
| ഗ്രാമപഞ്ചായത്ത് | : ചുങ്കത്തറ |
| വിദ്യാഭ്യാസജില്ല | : വണ്ടൂർ |
| സബ്ബ്ജില്ല | : നിലമ്പൂർ |
| ക്ലാസ്സുകൾ | : 5 മുതൽ 12 വരെ |
| മാനേജ്മെന്റ് | : കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് കോട്ടയം |
| പഠനമാധ്യമം | : ഇംഗ്ലീഷ് & മലയാളം |

# ആമുഖം

M.P.M Higher Secondary School ന്റെ വിദ്യാഭ്യാസ ദൗത്യത്തിന്റെ ഭാഗമായി ശാസ്ത്രീയമായും പ്രായോഗികമായും രൂപകല്പന ചെയ്തിരിക്കുന്നതാണ് ഈ വർഷത്തെ ഹൈസ്ക്കൂൾ വിഭാഗം അക്കാദമിക് മാസ്റ്റർ പ്ലാൻ. ഓരോ വിദ്യാർത്ഥിയുടെയും ബുദ്ധി വികസനം, മൂല്യബോധം, സംസ്കാരിക പങ്കാളിത്തം സാമൂഹിക ഉത്തരവാദിത്വം എന്നിവയെ ഊന്നിപ്പെടുത്തുന്ന രീതിയിൽ എല്ലാവിഷയങ്ങളുടെയും അധ്യാപന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു.

ഈ പ്ലാനിലൂടെ ഓരോ അധ്യാപകനും വർഷം മുഴുവൻ ഗുണനിലവാരമുള്ള ക്ലാസ്സുകൾ നടത്താനുള്ള വഴികാട്ടിയും സമയപരിധികൾക്കകത്ത് മുഴുവൻ പാഠ്യപദ്ധതിയും പ്രവർത്തനങ്ങളും നടപ്പാകുന്നതിനുള്ള സംവിധാനവുമാണ് നൽകുന്നത്. കേരള പൊതു വിദ്യാഭ്യാസ വകുപ്പ് SCERT സിലബസ് അനുസരിച്ചുള്ള നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതിയുടെ ആസൂത്രണം പാഠഭാഗങ്ങളുടെ പരിശീലനം മാത്രമല്ല വിദ്യാർത്ഥികളുടെ സാംസ്കാരിക കായിക കഴിവുകൾ വളർത്തുന്നതിനും സമൂഹ മുന്നേറ്റത്തിൽ പങ്കാളികളാക്കുന്നതിനും ആവശ്യമായ കൂട്ടായ്മകൾ, പ്രവർത്തനങ്ങൾ, ശില്പശാലകൾ, പ്രദർശനങ്ങൾ തുടങ്ങിയവയും പ്ലാനിൽ ഉൾപ്പെടുത്തയിട്ടുണ്ട്.

പാഠ്യപദ്ധതിയുടെയും അധ്യാപക പരിശ്രമങ്ങളുടെയും ശരിയായ ദിശാനിർദ്ദേശം നൽകുന്ന ഈ മാസ്റ്റർ പ്ലാൻ, നമ്മുടെ സ്കൂളിലെ വിദ്യാഭ്യാസ നിലവാരത്തെ കൂടുതൽ ഉയർത്തുന്നതിനും വിദ്യാർത്ഥികളിൽ സമഗ്രമായ വളർച്ച സാധ്യമാക്കുന്നതിനും സഹായമാകുമെന്ന് പ്രതീക്ഷിക്കുന്നു.

# ഏഴ് പതിറ്റാണ്ട് തികയുമ്പോൾ വിജ്ഞാനത്തിന്റെ പൊൻ കിരണം

1957 ജൂൺ ഒന്നിലെ സൂര്യോദയം കിഴക്കൻ എന്റെ നാടിന്റെ കിഴക്കേ അറ്റത്ത് ഒരു വിജ്ഞാന താരകം ഉയർന്ന വരുന്നു.. ശ്രീ ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട് ആദ്യ കേരള സർക്കാർ കേരളത്തിന്റെ വടക്കേ അറ്റത്തെ വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് സ്ഥാപിക്കപ്പെട്ട ആദ്യ വിദ്യാലയമാണ് എം.പി. എം ഹൈസ്ക്കൂൾ ചുങ്കത്തറ എരുമമുണ്ട പോത്തുകൽ പാലേമാട് മണിമൂളി എടക്കര മൂത്തേടം പാലാങ്കര പെരുമ്പിലാട് കരുളായി തുടങ്ങിയ പ്രദേശങ്ങളിലേക്ക് എല്ലാം ഈ വിജ്ഞാന താരകം പൊൻപ്രഭ വിതറി വിജ്ഞാനത്തിന്റെ പരിമളം പരത്തി സാധാരണക്കാരന് നൽകാവുന്ന ഏറ്റവും നല്ല സമ്മാനമാണ് അന്നത്തെ ഇ.എം.എസ് സർക്കാർ തന്നത് അതാണ് നമ്മുടെ എം.പി.എം സ്കൂൾ..

1952 ൽ കാലം ചെയ്ത ഓർത്തഡോക്സ് സഭയുടെ പുണ്യശ്ലോകനായ പുത്തൻകാവിൽ കൊച്ചു തിരുമേനി എന്ന അപരനാമദേയത്തിൽ അറിയപ്പെട്ടിരുന്ന മാർ പീലക്സിനോസ് തിരുമേനിയുടെ സ്മരണാർത്ഥം തുടങ്ങിയ വിദ്യാലയമാണ് എം.പി.എം.. പീലക്സിനോസ് തിരുമേനിയുടെ ജ്യേഷ്ഠ സഹോദര പുത്രനും ചുങ്കത്തറയിലെ സ്ഥിരതാമസക്കാരനും പ്ലാന്റും സബ് ഇൻസ്പെക്ടറും കൂടിയായ ശ്രീ കെ. ടി ജോസഫാണ് ഈ വിദ്യാലയത്തിനായി സ്ഥലം ഒരുക്കിയത്. ആറര ഏക്കറോളം വിസ്തൃതിയിൽ വരുന്ന വിശാലമായ കലാലയമാണ് നമ്മുടെ എം.പി.എം. കുടിയേറ്റ കർഷകരുടെ വിളനിലമായ ചുങ്കത്തറയിൽ വിദ്യയുടെ വിത്തുപാകിയത് എം.പി.എം ഹൈസ്കൂളാണ്. ആ എം.പി.എം ഹൈസ്കൂളിലെ പ്രഥമ അധ്യാപകനായിരുന്നു ശ്രീ.കെ.ഒ. ഫിലിപ്പോസ്. അദ്യപ്രഥമ അധ്യാപകനായിരുന്നു ശ്രീ.കെ.കെ ചെറിയാൻസാർ 27 കുട്ടികളും, പ്രധാന അധ്യാപകനും ശ്രീ.കെ.ഒ ഫിലിപ്പോസ് സാറും ശ്രീ. പി.വി ജോർജ്ജ് സാറും കൂടി തുടങ്ങി വെച്ച ഈ വിജ്ഞാന താരകം.

ഇന്ന് 1500 ലധികം വിദ്യാർത്ഥികൾ പഠിക്കുന്ന അപ്പർ പ്രൈമറി, സെക്കൻണ്ടറി, ഹയർസെക്കണ്ടറി തലങ്ങളും 70 -ൽ പരം അധ്യാപക അനധ്യാപകരെയും ഉൾക്കൊള്ളുന്ന സരസ്വതി നിലയം ചുങ്കത്തറയുടെ നിറദീപമായി നിലകൊള്ളുന്നു. കായികരംഗത്തെ പ്രതിഭകളെ വാർത്തെടുക്കുന്നതിനുള്ള വിശാലമായ കളിക്കളവും, അഞ്ച് ബഹുനില കെട്ടിടങ്ങളും അടങ്ങുന്നതാണ് വിദ്യാലയത്തിന്റെ ബാഹ്യഘടന. വിദ്യാർത്ഥികളുടെ ഗതാഗതസൗകര്യത്തിനായി നാല് സ്കൂൾ ബസ്സുകൾ ഉണ്ട്.
സാങ്കേതികവിദ്യയുടെ മാസ്മരിക ലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ച് ഉയർത്താൻ സഹായിക്കുന്നു.

45 കമ്പ്യൂട്ടറുകൾ അടങ്ങുന്ന രണ്ട് ഐ ടി ലാബുകൾ

വായനാ വസന്തം തീർക്കുന്ന വിശാലമായ ലൈബ്രറി

പരീക്ഷണ നിരീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന സയൻസ് ലാബുകൾ ടെക്സ്റ്റ് ബുക്ക് സൊസൈറ്റി, ഡാൻസ് അക്കാദമി ഇവയെല്ലാം അടങ്ങുന്ന പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന വിദ്യാലയ അന്തരീക്ഷമാണ് എം.പി.എം ന് ഉള്ളത്.

മലങ്കര ഓർത്തഡോക്സ് സഭയുടെ കീഴിലുള്ള കാതോലിക്കേറ്റ് ആൻഡ് എം.ഡി സ്കൂൾ മാനേജ്മെന്റിന്റെ അധികാരപരിധിയിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. നിതാന്ദ വന്ദ്യ ദിവ്യ ശ്രീ ഡോക്ടർ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് തിരുമേനിയാണ് മാനേജർ ...

ചുങ്കത്തറയുടെ മണ്ണിൽ ജനിച്ച് വളർന്ന് എം.പി.എം ലൂടെ തന്റെ ബാല്യ കൗമാരങ്ങൾ പൂർത്തിയാക്കി ഉപരിപഠനങ്ങൾക് ശേഷം അധ്യാപന ജീവിതത്തിലൂടെ ഇന്നും ഈ വിദ്യാലയത്തിന്റെ നെടുംതൂണായി പ്രവർത്തിക്കുന്ന ശ്രീ സജി ജോൺ സാർ ആണ് ഞങ്ങളുടെ പ്രിൻസിപ്പൽ..

എടക്കരയുടെ മണ്ണിൽ നിന്നും അച്ചടക്കത്തിന്റെ കാവലാളായി ചുങ്കത്തറയിലെത്തി അധ്യാപകനും ഇപ്പോൾ പ്രധാന അധ്യാപകനുമായി സേവനമനുഷ്ഠിക്കുന്ന ശ്രീ. റെനി വർഗ്ഗീസ് സാറാണ് പ്രധാന അധ്യാപകൻ.

# ഹൈസ്കൂൾ വിഭാഗം

## അക്കാദമികം
## നേട്ടങ്ങൾ

- നിലമ്പൂർ ഉപജില്ലയിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം കൈവരിക്കാൻ കഴിഞ്ഞു.
- 23 ഫുൾ A+ NMMS, USS പരീക്ഷകളിൽ കുട്ടികൾ വിജയം നേടിയിട്ടുണ്ട്.
- കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു.
- പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു.
- മലപ്പുറം ജില്ലാ പഞ്ചായത്ത് നടത്തുന്ന വിജയഭേരി ക്ലാസ്സ് 10-ാം ക്ലാസ്സ് കുട്ടികൾക്ക് രാവിലെയും വൈകുന്നേരവും ഒരു മണിക്കൂർ നടത്തി വരുന്നത് മികച്ച വിജയത്തിന് കാരണമായിട്ടുണ്ട്.
- 8,9 ക്ലാസ്സുകളിൽ വിജയസ്പർശം പഠന പിന്തുണ കുട്ടികൾക്ക് നൽകുന്നതിന് ഏറെ ഗുണകരമായിത്തീർന്നിട്ടുണ്ട്. ഇംഗ്ലീഷ്, മലയാളം, കണക്ക്, ഹിന്ദി വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നടത്തിവരുന്നുണ്ട്.
- NMMS പരിശീലനം ജൂൺ മാസം മുതൽ ആരംഭിക്കുകയും കുട്ടികൾക്ക് വിജയത്തിളക്കത്തിന് ആ ക്ലാസ്സുകൾ പ്രയോജനപ്പെടുകയും ചെയ്തിട്ടുണ്ട്.
- N C C, സ്കൗട്ട് & ഗൈഡ് JRC ലിറ്റിൽകൈറ്റ്സ് തുടങ്ങിയ മികച്ച രീതിയിൽ തന്നെ നടത്തി വരുന്നുണ്ട്.
- വിദ്യാരംഗം, സയൻസ് ക്ലബ്ബ്, മാത്സ് ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ് പ്രവർത്തനം സജീവമായി തന്നെ നടന്നു വരുന്നുണ്ട്.
- കുട്ടികളുടെ അക്കാദമിക് നിലവാരം മെച്ചപ്പെടുത്താൻ ഓരോ വിഷയത്തിനും ക്ലാസ്സ് ടെസ്റ്റ്, മാസാവസാന പരീക്ഷകൾഇവനടത്തിവരുകയുംമൂല്യനിർണ്ണയംനടത്തി പിന്നോക്കാവസ്ഥയിലുള്ളവർക്ക് വേണ്ട തുടർ പഠനം നടത്തുകയും ചെയ്യുന്നുണ്ട്.
- കായിക പഠനം, കലാപഠനം, പ്രവൃത്തി പരിചയം എന്നിവയുടെ ഭാഗമായുള്ള മത്സരങ്ങൾ ഭംഗിയായി നടത്തി വരുന്നു. സബ്ജില്ല, ജില്ലാ സംസ്ഥാനതലം വരെയുള്ള മത്സരങ്ങളിലേക്ക് അവരെ പങ്കെടുപ്പിച്ച് വിജയം നേടിയിട്ടുണ്ട്.
- എസ്.എസ്.എൽസി പരീക്ഷയിൽ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസ്സുകൾ നൽകി അവരിൽ ആത്മവിശ്വാസം വളർത്തി വിജയത്തിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്.
- A+ നിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളും അതോടൊപ്പം നൂറ് ശതമാനം റിസൽട്ട് നേടുന്നതിനുള്ള അതിതീവ്ര പരിശീലനവും നടക്കുന്നു.
- സ്കൂളിലെ എല്ലാ ക്ലാസ്സുകളിലേയും വിദ്യാർത്ഥികളുടെ വീടുകൾ ക്ലാസ് ടീച്ചർ ഉൾപ്പെടെയുള്ള അധ്യാപകരുടെ സംഘം സന്ദർശിക്കുകയും മാതാ പിതാക്കളും കുടുംബാംഗങ്ങളുമായുള്ള സൗഹൃദാന്തരീക്ഷം നിലനിർത്തുകയും ചെയ്തുവരുന്നു.
- കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ അധ്യാപക രക്ഷാകർത്ത കൂട്ടായ്മകൾ മാസത്തിലൊരിക്കൽ നടത്തി വരുകയും, നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.
- കുട്ടികളുടെ വായന മെച്ചപ്പെടുത്താൻ ആഴ്ചയിൽ 3 ദിവസം കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു.
- ആസ്വാദന കുറിപ്പുകൾ എഴുതിക്കുകയും ചെയ്യുന്നുണ്ട്.

***അക്കാദമികം***

***പരിമിതകൾ***

- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തി മികച്ച വിജയം നേടുന്നുവെങ്കിലും ഗണിതലാബ്, സാമൂഹ്യ ശാസ്ത്രം ലാബ്, ഫിസിക്സ് ലാബ്, കെമിസ്ട്രി ലാബ്, ബയോളജി ലാബ് ഇവയൊന്നും ഇല്ലാത്തത് ഒരു പരിമിതിയാണ്. ഇംഗ്ലീഷ് തിയ്യറ്റർ, ഡിജിറ്റൽ ലൈബ്രറി തുടങ്ങിയവയുടെ അപര്യാപ്തതയും ഉണ്ട്. അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക തുടങ്ങിയവ പൂർണ്ണമായ അർത്ഥത്തിൽ സാർത്ഥകമാക്കാൻ പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേണ്ടതുണ്ട്. ഐ.ടി ലാബുകളിൽ കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് ഐ.ടി പഠനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ജനപ്രതിനിധികളിൽ നിന്നും മറ്റ് ഫണ്ട് ലഭ്യമാക്കാനുള്ള പ്രവർത്തനനങ്ങൾ നടത്തി വരുന്നു.

## *ഭൗതികം - നേട്ടങ്ങൾ*

- നിലവിൽ 14 ക്ലാസ്സ് മുറികൾ ടൈൽ ഇട്ടതാണ്. ഹൈടെക് സംവിധാനവും ലാപ്ടോപ്പ്, പ്രൊജക്ടർ സൗകര്യമുള്ളതുമാണ്. കുട്ടികൾക്ക് വായനക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി തന്നെ ക്രമീകരിച്ചിട്ടുണ്ട്.
- 23 കമ്പ്യൂട്ടറുകളുള്ള ഹൈസ്കൂൾ ഐടി ലാബ് സ്കൂളിന്റെ മറ്റൊരു ഭൗതീക നേട്ടമാണ്.
- കുട്ടികൾക്ക് ഉച്ച ഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഉണ്ട്.
- അഞ്ച് ബസ് ഇടാനുള്ള ബസ് ഷെഡ് പണിതിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ശുദ്ധജലം കുടിക്കാനുള്ള വാട്ടർപ്യൂരിഫിക്കേഷൻ സൗകര്യമുണ്ട്.
- സ്മാർട്ട് റൂം സൗകര്യം ക്ലാസ്സ് മുറകളിൽ ഉണ്ട്. അധ്യാപകർക്ക് ഇരിക്കാനുള്ള സൗകര്യങ്ങളോടുകൂടിയ സ്റ്റാഫ്റൂം സൗകര്യമുണ്ട്. ജൈവവൈവിധ്യ ഉദ്യാനം, ബട്ടർഫ്ളൈ ഗാർഡൻ ഇവയുണ്ട്. വിശാലമായ കളിസ്ഥലം ഉണ്ട്.

## *ഭൗതികം - പരിമിതികൾ*

- ഡിജിറ്റലൈസ്ഡ് ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ ആവശ്യമാണ്. അതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്.
- കുട്ടികൾക്ക് ശൗചാലയങ്ങൾ നിലവില് ഉണ്ടെങ്കിലും ആധുനിക സൗകര്യങ്ങളോടുകൂടിയ ശൗചാലങ്ങൾ പണിയണം. നിലവിലുള്ളവ കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.
- ആകർഷകമായ വിധത്തിൽ പൂന്തോട്ടം ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്.
- സ്പോർട്സ് കം - കുട്ടികളുടെ കളിക്കാനുള്ള സാധനസാമഗ്രികൾ സൂക്ഷിക്കാനുള്ള പ്രത്യേക റൂം സൗകര്യം ഉണ്ടാവേണ്ടതുണ്ട്.
- വിശാലമായ കളിസ്ഥലമുണ്ടെങ്കിലും ഒരു സ്പോർട്സ് പവിലിയൻ ഇൻഡോർ സ്റ്റേഡിയം, ഷട്ടിൽ കോർട്ട് ബാസ്കറ്റ് ബോൾ, കോർട്ട് എന്നിവ ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു.
- കായിക പഠനം കാര്യക്ഷമമാക്കുന്നതിൽ ഇവക്ക് നിർണ്ണായ പങ്കുണ്ട്.
- പെൺകുട്ടികൾക്ക് ശാരീരികമായി ഉണ്ടാകുന്ന അവശതകൾക്കും മറ്റും വിശ്രമിക്കുന്നതിനാവശ്യമായ 'വിശാന്തി മന്ദിരം' ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഒരുക്കിയാൽ ഏറെ ഗുണം ചെയ്യുമായിരുന്നു.
- വിശാലമായ ഒരു ഓഡിറ്റോറിയം ഉണ്ടാക്കുന്നതിലേക്കുള്ള ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും അത് പ്രയോഗിക തലത്തിലേക്ക് എത്തിക്കാൻ കാലതാമസം നേരിടുന്നു.
- ഇംഗ്ലീഷ് തിയ്യറ്റർ, സോഷ്യൽ സയൻസ് ലാബ്, സയൻസ് വിഷയങ്ങൾക്ക് ഫിസിക്സ് ലാബ്, കെമിസ്ട്രി ലാബ്, ബയോളജി ലാബ് ഇവയുടെ ആവശ്യകത ഏറെയുണ്ട്.

## *സാമൂഹികം നേട്ടങ്ങൾ*

- സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം (എൻ.സി.സി.ജെ.ആർ.സി ലിറ്റിരൽ കൈറ്റ്സ്, സൗക്ട്ട് & ഗൈഡ്സ്) സാമൂഹികമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു.
- സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു.
- സാമൂഹിക ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷതൈകൾ വച്ച് പിടിപ്പിക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയുമാണ്.
- സ്കൂളിലെ NCC യുടെ ഭാഗമായി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയും വൃദ്ധസദനങ്ങൾ സന്ദർശിച്ച് ഭക്ഷണം നൽകുകയും, വഴിയോരങ്ങൾ ശുചീകരിക്കുകയും ചെയ്തിട്ടുണ്ട്. ദിനാചരണങ്ങൾ ആചരിക്കുകയും ചെയ്യാറുണ്ട്.

## *പരിമിതകൾ*

- പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും, പഠനസമയം കൂടുതൽ നഷ്ടമാകുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്.
- സന്നദ്ധ സംഘടനകൾക്ക് സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള പരിമിത സാമ്പത്തിക പ്രതിസന്ധിയാണ്

## *അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ*
## *വികസന ലക്ഷ്യങ്ങൾ*

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം - അനായാസകരമാക്കാൽ
- വായനാ ശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്രപോഷണ പരിപാടി
- ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & സോഷ്യൽസയൻസ്
- പ്രതിഭാപോഷണ പരിപാടി
- ലൈബ്രറി ശാക്തീകരണം
- ജൈവ വൈവിധ്യപാർക്ക് വിപുലീകരണം
- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
- പഠനയാത്രകൾ
- സ്കൂൾ പത്രം മാസിക
- അധ്യാപിക ശാക്തീകരണം - സ്കൂൾ SRG തലം
- പ്രവൃത്തി പരിചയ പരിശീലനം
- കലാപരിപോഷണം
- പച്ചക്കറിത്തോട്ടം
- സാഹിത്യ ശില്പശാലകൾ
- ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
- സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
- ഭാഷാ ലാബ്
- ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
- ഗവേഷണാത്മക പഠനം
- കായികശേഷി വികസനം
- വിലയിരുത്തൽ കാര്യക്ഷമാക്കൽ
- ചോദ്യപേപ്പർ ശില്പശാല
- ഐ.ടി പഠനം - കാര്യക്ഷമമാക്കൽ
- ജന്മദിന പുസ്തകം
- ചിത്രരചനാ ക്യാമ്പ്
- ശാസ്ത്ര, ഗണിതശാസ്ത്ര SS, IT പ്രവൃത്തി പരിചയ മേളകൾ
- ക്ലാസ്സ് പി.ടി.എ കാര്യക്ഷമമാക്കൽ

***ഇംഗ്ലീഷ്***

പ്രവർത്തനം - വിശദാംശങ്ങൾ

ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | 2) ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, ക്ലാസ്സ് ടീച്ചർഇൻചാർജ്ജ് | |
| | 3) ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസ്സിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |
| | 4) ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും | എല്ലാ ദിവസവും തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ | |

ഉപമേഖല - ഇംഗ്ലീഷ്

പ്രവർത്തനം 2 - ഇംഗ്ലീഷ് തിയ്യറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മ ശേഷി വികസനം | 1) ഇംഗ്ലീഷ് കഥ, കവിത - രചനാക്യാമ്പ് ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ (CPTAകാണിക്കൽ) | 3 മാസത്തിൽ ഒരിക്കൽ 1 വർഷം | ഇംഗ്ലീഷ് ടീച്ചർ | 2000/പി.ടി.എ പ്രാദേശിക സഹായം |
| | 2) പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം, സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ ക്ലബ്ബ് സെക്രട്ടറി | 2000/ പി.ടി.എ |

| | | | | |
|---|---|---|---|---|
| | 3) ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്<br><br>4) ഇംഗ്ലീഷ് സിനിമാ പ്രവർത്തനം | ആഴ്ചയിൽ ഒരു ദിവസം<br><br>2 മാസത്തിൽ | ഇംഗ്ലീഷ് ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് ഇൻചാർജ്ജ് | <br><br>പി.ടി.എ |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി (9 -10, 4 -5) വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ്സ് | ഇംഗ്ലീഷ് ടീച്ചർ<br><br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ 1000/ for Refreshment |
| വായന പരിപോഷിപ്പിക്കൽ | ക്ലാസ്സ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകം എന്നിവ ഉൾക്കൊളളിക്കൽ- വായനാകുറിപ്പി തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | |

## *മലയാളം*

വിദ്യാഭ്യാസ ലക്ഷ്യങ്ങളിലൊന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കുന്നതിൽ സുപ്രധാന പങ്കാണ് വായനയ്ക്കുള്ളത്

പാഠപുസ്തകങ്ങൾപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർത്ഥികളുടെ സർഗാത്മകശേഷിയാണ് വികസിതമാകുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങലെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർത്ഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയും വിധമുള്ള നിരന്തരപ്രവർത്തനങ്ങളാണ് 2025 - 26 അധ്യാനകാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായന സംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുകയെന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്

### *1. ലക്ഷ്യം*

1. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണ്യകളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും
2. കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക
3. കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക

### *2. മാതൃഭാഷാപഠനം - പ്രശ്നങ്ങൾ*

1. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

2.. സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല

3. വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല.

*പ്രശ്നവിശകലനം*

| *കാരണങ്ങൾ* | *പരിഹാര നിർദ്ദേശം - പദ്ധതി* |
|---|---|
| 1. വായനയോടുള്ള താല്പര്യകുറവ് | 1. പിറന്നാളിനൊരു പുസ്തകം |
| 2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 2. വായനക്കുറിപ്പ് |
| 3. വായനപ്രവർത്തനങ്ങൾക്കുള്ള സമയകുറവ് | 3. കഥ, കവിത, ശില്പശാല |
| 4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല | 4. സെമിനാർ |
| 5. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 5. ചുവർ മാഗസിൻ |
| | 6. കൈയഴുത്ത് / ഡിജിറ്റൽ മാഗസിൻ |
| | 7. സാഹിത്യ പഠനയാത്ര |
| | 8. വായനക്കൂട്ടം - പുസ്തക ചർച്ച |
| | 9. അഭിമുഖം |

*പ്രവർത്തനപദ്ധതി വിശദീകരണം*

*പ്രവർത്തനം - 1*

### *പിറന്നാളിനൊരു പുസ്തകം*

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ<br>മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| പദ്ധതി നടത്തിപ്പ് | വിഷയസമിതി | ജൂൺ - ഫെബ്രുവരി | 200 | രക്ഷിതാവ് |
| പുസ്തക സമാഹരണം | ലൈബ്രേറിയൻ | ജൂൺ- ഫെബ്രുവരി | | |

*പ്രവർത്തനം - 2*

### *വായനക്കുറുപ്പ്*

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ - മെയ് | | |
| SRG അംഗീകാരം | വിഷയസമിതി | മെയ് | | |
| നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂൺ - ഫെബ്രുവരി | 200 | രക്ഷിതാവ് |
| വായനക്കുറിപ്പ് സമാഹരണം | ക്ലാസ്സ് ലീഡർ | ജൂൺ - ഫെബ്രുവരി | | |
| പതിപ്പ് തയ്യാറാക്കൽ | കൺവീനർ<br>വായനക്കൂട്ടം | മാസത്തിൽ ഒന്ന് | 500 | പി.ടി.എ |

*പ്രവർത്തനം -3*

### *ശില്പശാലകൾ - കഥ, കവിത, ആസ്വാദനം*

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂൺ | | |
| ശില്പശാല - കഥ | വിഷയസമിതി | ജൂൺ | | പി.ടി.എ |
| ശില്പശാല - കവിത | വിഷയസമിതി | ജൂലൈ | 2000 | പി.ടി.എ |
| ശില്പശാല ആസ്വാദനം | വിഷയസമിതി | ആഗസ്റ്റ് | 2000 | പി.ടി.എ |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | 2000 | |

*പ്രവർത്തനം - 4*

### *ശില്പശാലകൾ - സെമിനാർ*

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ആഗസ്റ്റ് | | |
| കേരളപാഠാവലി അടിസ്ഥാന പാഠാവലി യൂണിറ്റിനെ അടിസ്ഥാനമാക്കിയ സെമിനാർ | വിഷയസമിതി | ആഗസ്റ്റ് | | |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | ആഗസ്റ്റ് | | |

*പ്രവർത്തനം - 5*

### *ചുവർ മാഗസിൻ*

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | ജൂൺ | | |
| ഉദ്ഘാടനം | വിഷയസമിതി | ജൂൺ | | |
| പദ്ധതി നടത്തിപ്പ് | ക്ലാസ്സ് ടീച്ചർ / എഡിറ്റർ | ജൂൺ ഫെബ്രുവരി | | |

*പ്രവർത്തനം - 6*

### *കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ*

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപീകരണം | വിഷയസമിതി | ജൂൺ | | |
| സൃഷ്ടികൾ സ്വീകരിക്കൽ | ക്ലാസ്സ് എഡിറ്റർ | സെപ്റ്റംബർ | | |
| തിരഞ്ഞെടുപ്പ് | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |
| നിർമ്മാണം | എഡിറ്റോറിയൽ ബോർഡ് | സെപ്റ്റംബർ | | |

*പ്രവർത്തനം - 7*

### *സാഹിത്യപഠനയാത്ര*

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആലോചനായോഗം | വിഷയസമിതി | ജൂലൈ | | |
| പഠനയാത്ര | ടൂർ കൺവീനർ | ജൂലൈ | 10000 | രക്ഷിതാക്കൾ |
| യാത്രാനുഭവക്കുറിപ്പ് | ക്ലാസ്സ് ടീച്ചർ | ജൂലൈ | | |
| പതിപ്പ് നിർമ്മാണം | കൺവീനർ വായനക്കൂട്ടം | ജൂലൈ | 500 | പി.ടി.എ |

*പ്രവർത്തനം - 8*

### *വായനക്കൂട്ടം - പുസ്തകചർച്ച*

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | വിഷയസമിതി | മെയ് | | |
| വായനക്കൂട്ടം രൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| പുസ്തക ചർച്ച വെള്ളിയാഴ്ചക്കൂട്ടം | കൺവീനർ വായനക്കൂട്ടം | ജൂൺ - ഫെബ്രുവരി | | |

*പ്രവർത്തനം – 9*

## *അഭിമുഖം*

| ഉപപ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയരൂപീകരണം | കൺവീനർ വായനക്കൂട്ടം | ജൂൺ | | |
| അഭിമുഖം | കൺവീനർ വായനക്കൂട്ടം | മാസത്തിൽ 1 | 4500 | പി.ടി.എ |
| ഡോക്യുമെന്റേഷൻ | ലിറ്റിൽ കൈറ്റ്സ് | | | |

## *പരിഹാര പ്രവർത്തനം – പദ്ധതി വിശദാംശങ്ങൾ*

### *1. പിറന്നാളിനൊരു പുസ്തകം*

കുട്ടികളുടെയും അധ്യാപകരുടെയും പിറന്നാൾദിനം സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുക എന്നതാണ് ഈ പദ്ധതി. പിറന്നാൾ ദിനം അർത്ഥപൂർണ്ണമാക്കാൻ ഇതിലൂടെ കഴിയും. വിദ്യാർത്ഥികൾക്ക് പുതിയ പുസ്തകങ്ങൾ പരിചയപ്പെടാനും ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനും ഈ പദ്ധതി സഹായകമാകും. മിഠായി വിതരണം പാടേ ഒഴിവാക്കി പുസ്തകസമ്മാനത്തിലേക്ക് മാറുമ്പോൾ സ്കൂൾ പരിസരത്തെ പ്ലാസ്റ്റിക് വസ്തുക്കളുടെ വ്യാപനം കുറയുകയും ചെയ്യും. ക്ലാസ്സ്മുറികളിൽ വെച്ച് ടീച്ചറിന്റെ നേതൃത്വത്തിലും അസംബ്ലിയിൽ വച്ച് ലൈബ്രേറിയന്റെ നേതൃത്വത്തിലും കുട്ടികളിൽ നിന്ന് പുസ്തകം സ്വീകരിക്കാവുന്നതാണ്.

### *2. വായനക്കുറിപ്പ്*

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണ്യകളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. കാലികവും ശാസ്ത്രീയവുമായ പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയംപഠനത്തിലേക്ക് നയിക്കും. ഇതിന് വായനയും റഫറൻസും പഠനപ്രക്രിയയുടെ ഭാഗമായി നടക്കണം. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പുസ്തകങ്ങൾ പരിചയപ്പെടുന്നതിനുമുള്ള പദ്ധതിയാണ് വായനക്കുറിപ്പ്. എല്ലാ ദിവസവും ക്ലാസ്സ് ആരംഭിക്കുമ്പോൾ ടീച്ചറുടെ നേതൃത്വത്തിൽ വായനക്കുറിപ്പ് അവതരണം നടത്തണം. ഓരോ ആഴ്ചയിലെയും മികച്ച കുറിപ്പുകൾ വായനക്കൂട്ടം കൺവീനർ സമാഹരിച്ച് ഏറ്റവും മികച്ചത് തെരഞ്ഞെടുത്ത് സ്കൂൾ അസംബ്ലിയിൽ വെച്ച് വായിക്കണം. അവതരിപ്പിക്കുന്ന കുട്ടിക്ക് അസംബ്ലിയിൽ വെച്ച് സമ്മാനവും നൽകണം. മികച്ച വായന കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കി പ്രകാശനം നടത്തണം.

### *3. കഥ, കവിത, ആസ്വാദനം – ശില്പശാല*

കുട്ടികളുടെ സർഗാത്മകശേഷി കണ്ടെത്താനും പരിപോഷിപ്പിക്കാനും ശില്പശാലകൾക്ക് കഴിയും. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കണം. ഭാഷാ അധ്യാപകർക്ക് പുറമേ സാഹിത്യ ആസ്വാദകരായ മറ്റു അധ്യാപകർ, പ്രാദേശിക എഴുത്തുകാർ,പൂർവ്വ വിദ്യാർത്ഥികൾ എന്നിവരെ ഉപയോഗപ്പെടുത്താവുന്നതാണ്. ഓരോ ശില്പശാലയും ഡോക്കുമെന്റ് ചെയ്യണം. കുട്ടകളിൽ ഉണ്ടായ മാറ്റം അടയാളപ്പെടുത്തണം.

### *4. സെമിനാർ*

അന്വേഷണാത്മക പഠനത്തിന്റെയും വിമർശനാത്മക പഠനത്തിന്റെയും അനന്തസാധ്യതകൾ തുറന്നിടുന്നതാണ് സെമിനാർ. പാഠപുസ്തകങ്ങളിലെ വിഷയത്തെ അടിസ്ഥാനമാക്കിയാവണം സെമിനാർ നടത്തേണ്ടത്. ക്ലാസ്സ്, സ്കൂൾതലങ്ങളിൽ സംഘടിപ്പിക്കണം. ഓരോ ക്ലാസിലെയും കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വിഷയങ്ങൾ നൽകണം. ഇത് കുട്ടികളിൽ സംഘബോധം വളർത്തും. സ്കൂൾ തല സെമിനാർ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

### *5. ചുമർ മാഗസിൻ*

ഓരോ ക്ലാസ്സിനും ചുമർ മാഗസിൻ ഉണ്ടായിരിക്കണം. ക്ലാസ്സ് മുറിക്കുള്ളിൽ തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത, ലേഖനം, വാർത്തകൾ, കാർട്ടൂണുകൾ തുടങ്ങി വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തണം. ഓരോ ആഴ്ചയിലും പുതിയ സൃഷ്ടികൾ പതിക്കണം. ഇതിനായി പത്രാധിപസമിതി തിരഞ്ഞെടുക്കണം

***6. കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ***

പഠനപ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കാറുണ്ട്. ക്ലാസ്സ് തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. മാഗസിന്റെ വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തണം. ക്ലാസ്സുകൾ തമ്മിൽ മത്സരവും കുട്ടകൾക്ക് പ്രോത്സാഹനവും നൽകണം. ഇതിനായി ക്ലാസ്സ തല പത്രാധിപസമിതി രൂപീകരിക്കണം. ചുമർ മാഗസിനിലെ സൃഷ്ടികൾ ഉപയോഗിക്കാവുന്നതാണ്.

***7. സാഹിത്യ പഠനയാത്ര***

മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് അവയുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിയുന്നതിനൂള്ള പദ്ധതി. ഇതിന്റെ പ്രാധാന്യം ക്ലാസ്സ് പി.റ്റി.എ യിൽ അവതരിപ്പിക്കുകയും രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ അധ്യാപകരും കുട്ടികളും ക്ലാസ്സ് അടിസ്ഥാനത്തിൽ പഠനയാത്ര നടത്തണം. ഇതിന്റെ ഡോക്യുമെന്റേഷൻ തയ്യാറാക്കണം. ഭാഷയോടും കേരള സംസ്കാരത്തോടും ആദരവും സ്നേഹവും വളർത്തുവാൻ ഇത് സഹായിക്കും.

***8 & 9***

***വായനക്കൂട്ടവും***

***അഭിമുഖവും***

മാതൃഭാഷകളും സംസ്കാരത്തോടും ഉള്ള താല്പര്യമുള്ള വളർത്തുന്നതിന് വായനകൂട്ടങ്ങൾ സഹായിക്കുന്നു. ക്ലാസ്സ് വായിനോക്കൂട്ടങ്ങൾ എല്ലാ വെള്ളിയാഴ്ചകളിലും, സ്കൂൾതല വായനാ കോട്ടങ്ങൾ മാസത്തിലൊരിക്കലും നടത്താം. ഭാഷാ അധ്യാപകരുടെ പൂർണ്ണ പിന്തുണ ഉണ്ടായിരിക്കുന്നതാണ്.. സാഹിത്യകാരന്മാരുടെ അനുഭവങ്ങൾ അവരോടുള്ള മുഖാമുഖം പരിപാടിയിലൂടെ ലഭ്യമാകുമ്പോൾ വായനയുടെയും സർഗാത്മകതയുടെയും പുതുതലങ്ങളിലേക്ക് വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും കൊണ്ടെത്തിക്കുന്നു. ലിറ്റൽ കൈറ്റ്സ് മെമ്പർമാരുടെ ഡോക്യുമെന്റേഷൻ പ്രവർത്തനത്തിലൂടെയും ഭാവിയിലെ മാധ്യമപ്രവർത്തനരംഗത്തേക്ക് വിദ്യാർത്ഥികൾക്കുള്ള ഒരു പരിശീലനം കൂടി ലഭ്യമാകുന്നു.

***സോഷ്യൽ സയൻസ്***

സാമൂഹ്യ ശാസ്ത്രം ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിൽ ഉൾക്കൊള്ളേണ്ട അത്യന്തം പ്രാധാന്യമുള്ള വിഷയമാണ്

സാമൂഹ്യശാസ്ത്ര വിഷയങ്ങളെ കൃത്യമായി മനസ്സിലാക്കാൻ ചരിത്രപരമായ കാഴ്ചപ്പാടുകൾ വളർത്താൻ, ഭൂമിശാസ്ത്ര സവിശേഷ മനസ്സിലാക്കാൻ, ഭരണഘടനയെകുറിച്ചുള്ള അടിസ്ഥാന ബോധം സാമൂഹിക ഉത്തരവാദിത്വ ബോധമുള്ള പൗരന്മാരെ വളർത്തുക. വിദ്യാർത്ഥികളിൽ വിമർശനാത്മക ചിന്ത എന്നിവ ഒരു വിദ്യാർത്ഥി നേടിയിരിക്കണം

പ്രവർത്തന ലക്ഷ്യങ്ങൾ

സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ കുട്ടികളുടെ നിരീക്ഷണശക്തിയും വിശകലനശേഷിയും വളർത്തുക

പൗരബോധം ചരിത്രബോധം ഭൂപട പഠനം എന്നിവയിൽ ആഴമുള്ള അറിവ് ലഭ്യമാക്കുക

സാമൂഹ്യതത്വങ്ങളെ വിശദമായി ചിന്തിക്കാൻ സഹായിക്കുക

| ***കാലയളവ്*** | ***ശീർഷകം*** | ***മേഖല*** | ***പ്രവർത്തനങ്ങൾ*** | ***ചുമതല*** |
|---|---|---|---|---|
| ജൂൺ | ഇതിഹാസ യാത്ര | മാനവികത<br>വിപ്ലവങ്ങൾ<br>ദേശീയതയുടെ<br>ഉദയം | ഗ്രൂപ്പ് ചർച്ച ടൈം<br>ലൈൻ ചാർട്ട് | സോഷ്യൽ സയൻസ്<br>അധ്യാപകർ |
| ജൂലൈ | വൈവിധ്യ വസന്തം | ഇന്ത്യയുടെ<br>വൈവിധ്യങ്ങൾ<br>കാലാവസ്ഥയെ<br>ഋതുക്കളും | ഭൂപട വായന<br>കാലാവസ്ഥ<br>നിരീക്ഷണം<br>വീഡിയോ പ്രദർശനം<br>കാലാവസ്ഥ ചാർട്ട് | സോഷ്യൽ സയൻസ്<br>അധ്യാപകർ |
| ആഗസ്റ്റ് | പൗരത്വ പാഠശാല | പൊതുഭരണം<br>ജനസംഖ്യ<br>കുടിയേറ്റം | പോസ്റ്റർ നിർമ്മാണം<br>ക്വിസ് തദ്ദേശസ്വയം<br>ഭരണ സ്ഥാപനം<br>സന്ദർശനം | സോഷ്യൽ സയൻസ്<br>അധ്യാപകർ |
| സെപറ്റംബർ | ഞങ്ങൾ<br>ഭരണാധികാരികൾ | പൊതുഭരണം<br>ജനസംഖ്യ<br>കുടിയേറ്റം | സ്കൂൾ പാർലിമെന്റ്<br>ഇലക്ഷൻ മോക്ക്<br>പാർലിമെന്റ്<br>My Right My Responsi-<br>bility പോസ്റ്റർ<br>നിർമ്മാണം | സോഷ്യൽ സയൻസ്<br>അധ്യാപകർ |
| ഒക്ടോബർ | സ്വാതന്ത്ര്യത്തിന്റെ<br>ചരിത്ര വഴികൾ | സ്വതന്ത്ര്യ സമര<br>ചരിത്രം | Scrap - Book<br>തയ്യാറാക്കുക<br>(ദേശീയ<br>നേതാക്കളുടെ<br>ചിത്രങ്ങൾ<br>സമരങ്ങൾ)<br>കുട്ടികൾ ഗാന്ധിജിക്ക്<br>ഒരു കത്ത് എഴുതുക | സോഷ്യൽ സയൻസ്<br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| നവംബർ | പടിയേറി പഠനപാതയിൽ | ഇന്ത്യയുടെ സാമ്പത്തിക പുരോഗതി | ഫീൽഡ് സർവ്വെ ഗ്രാമ സന്ദർശനം | സോഷ്യൽ സയൻസ് അധ്യാപകർ |
| ഡിസംബർ | സൗഹൃദ സന്ധ്യ | സഹിഷ്ണുത സംസ്കാര ബഹുമാനം | എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്. എന്റെ സുഹൃത്തിൽ — (ഒരു ഗുണം/ സഹായം) പ്രസംഗം കവിത ദേശഭക്തി ഗാനം | സോഷ്യൽ സയൻസ് അധ്യാപകർ |
| ജനുവരി | ഞാനും എന്റെ ഇന്ത്യയും | എന്റെ ദേശം | ഇന്ത്യയുടെ ഭൂപടം വരക്കുക സംസ്ഥാനങ്ങൾ അടയാളപ്പെടുത്തി സംസ്ഥാനത്തിന്റെ പ്രത്യേകതകൾ രേഖപ്പെടുത്തുക | സോഷ്യൽ സയൻസ് അധ്യാപകർ |
| ഫെബ്രുവരി | ലോകത്തിന്റെ കണ്ണാടി | നാനാത്വത്തിൽ ഏകത്വം | ഇന്ത്യയുടെ ഭൂപടം വരക്കുക സംസ്ഥാനങ്ങൾ അടയാളപ്പെടുത്തി സംസ്ഥാനത്തിന്റെ പ്രത്യേകതകൾ രേഖപ്പെടുത്തുക. | സോഷ്യൽ സയൻസ് അധ്യാപകർ |
| മാർച്ച് | വിജയവേള | സമാപന മൂല്യ നിർണ്ണയം | ഭൂപടം ചരിത്രം ഭരണഘടന മാനവികത ഇന്ത്യയുടെ വൈവിധ്യം ഇവ ഉൾപ്പെടുത്തി ക്വിസ് മത്സരം | സോഷ്യൽ സയൻസ് അധ്യാപകർ |

*ഫിസിക്സ്*

*പ്രവർത്തനം - വിശദാംശങ്ങൾ*

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| അത്ഭുത കണ്ണിലൂടെ കൗതുകം, ജിജ്ഞാസ, നിരീക്ഷണം പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികളുടെ മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപിക | പി.ടി.എ |
| | അനുനാദം ഹാക്സോ ബ്ലേഡ് കൊണ്ടുളള പരീക്ഷണം ട്യൂണിക്ക് ഫോർക്ക് ജലം എന്നിവ ഉപയോഗിച്ചുളള പരീക്ഷണം | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപിക | |
| | കോൺവെക്സ് ലെൻസ് ഉപയോഗിച്ച് വിവിധ പ്രതിബിംബം രൂപപ്പെടുന്ന പരീക്ഷണം | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപിക | |
| | • ന്യൂട്ടൻസ് കളർ ഡിസ്ക് നിർമ്മിക്കുക | അക്കാദമിക വർഷം | | |
| | • മോട്ടർ തത്വത്തെ ആസ്പദമാക്കിയ പരീക്ഷണം ചെയ്യുന്നു | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപിക | |
| | •പരിസരത്ത് ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ശബ്ദം പുറപ്പെടുവിക്കുന്ന ഉപകരണങ്ങളുടെ മോഡലുകൾ നിർമ്മിക്കുന്നു. | | | രക്ഷിതാക്കൾ |
| 2)ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്യാനുളള ശേഷി നേടുക | • ക്ലാസ്സുകളിൽ ലഘു പ്രൊജക്റ്റ് നൽകി മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം 1 തവണ | ഫിസിക്സ് അധ്യാപിക | പി.ടി.എ |
| | • ക്ലാസ്സുകളിൽ സെമിനാർ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | ഫിസിക്സ് അധ്യാപിക | പിടി.എ |

| | | | | |
|---|---|---|---|---|
| 3)മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | •ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ഫിസ്കിസ് അധ്യാപിക | |
| | •ശാസ്ത്രമാസിക ശാസ്ത്ര പുസ്തകങ്ങൾ വായിക്കുവാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | ഫിസ്കിസ് അധ്യാപിക | |
| 4) പരിസ്ഥിതി സൗഹൃദ മനോഭാവം | •സയൻസ് ലാബ് ആധുനിക വൽകരിക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലാസ് അധ്യാപികർ | പി.ടി.എ മാനോജ്മെന്റ് |
| | •സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത കോമ്പൗട്ട് | അക്കാദമിക വർഷം | സയൻസ് ക്ലാസ് അധ്യാപിക | പി.ടി.എ |
| | •മരങ്ങൾ വച്ചുപിടിപ്പിക്കുന്ന തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക | അക്കാദമിക വർഷം | ആരോഗ്യക്ലാസ്സ് | പി.ടി.എ |
| 5) വൈജ്ഞാനിക ബഹിർസ്ഫുരണം അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കുക നേരറിവ് നേടുക | •ഔഷധത്തോട്ട നിർമ്മാണം പച്ചക്കറി നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുക. | അക്കാദമിക വർഷം | ഫിസിക്സ് അധ്യാപിക | സയൻസ് കാസ്സ് |
| | •പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | |
| | •ശാസ്ത്ര ലേഖനം തയ്യാറാക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | |
| | •ശാസ്ത്രജ്ഞന്മാരുടെ ചരിത്രം വിഡിയോ ആയി പ്രദർശിപ്പിക്കുന്നു | അക്കാദമിക വർഷം | | |
| | •മോഡൽ പ്രദർശനം | അക്കാദമിക വർഷം | | |
| | •ശാസ്ത്ര ശില്പശാലകൾ | അക്കാദമിക വർഷം | | |
| | •സയൻസ് ക്വിസ് | അക്കാദമിക വർഷം | | |
| | • ഡിബെയിറ്റ് | അക്കാദമിക വർഷം | | |
| | • ശാസ്ത്ര മാഗസിൻ | അക്കാദമിക വർഷം | | |
| | •പരീക്ഷക്കിറ്റുകൾ നൽകി LED നിർമ്മാണം | അക്കാദമിക വർഷം | | |

*കെമിസ്ട്രി*

അക്കാദമിക മാസ്റ്റർ പ്ലാൻ - 2025 -2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അത്ഭുത കണ്ണിലൂടെ കൗതുകം ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | • ലഘുപരീക്ഷണങ്ങൾ സഹപാഠികളുടെ മുമ്പിൽ, കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു | | | പി.ടി.എ |
| | • ചെറുനാരങ്ങ കൊണ്ട് ഒരു ബാറ്ററി | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | |
| | • അമോണിയം ഡൈക്രോമേറ്റിന്റെ പരീക്ഷണം | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | |
| | • ഓർഗാനിക് സംയുക്തങ്ങളുടെ മോഡലുകൾ നിർമ്മിക്കുന്നു (Ball & stick Model) | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | |
| | • പിരിയോഡിക് ടേബിളിന്റെ മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | |
| | • ഓർഗാനിക് സംയുക്തങ്ങളുടെ നിറം, മണം എന്നിവ തിരിച്ചറിയുവാൻ അവസരം സൃഷ്ടിക്കുന്നു. | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | |
| | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | | |
| | • ഗാൽവനിക് സെൽ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു. | | | |
| | • ഇലക്ട്രോ പ്ലേറ്റിംഗ് പ്രദർശനം | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | |

| | | | | |
|---|---|---|---|---|
| | •പരിസരത്ത് ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് തന്മാത്രകളുടെ മാതൃകൾ നിർമ്മിച്ച് പ്രദർശിപ്പിക്കുക. | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | രക്ഷിതാക്കൾ |
| 2) ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | •ക്ലാസുകളിൽ ലഘുപ്രൊജകറ്റ് നൽകി മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | കെമിസ്ട്രി അധ്യാപിക | പി.ടി.എ |
| | •ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | |
| | •ശാസ്ത്രലേഖനം തയ്യാറാക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | •ശാസ്ത്രജ്ഞന്മാരുടെ ചരിത്രം വീഡിയോ ആയി പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | |
| | •വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | •ശാസ്ത്ര ശില്പ ശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | •സയൻസ് ക്വിസ് എല്ലാ മാസത്തിലും സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ |

| | | | | |
|---|---|---|---|---|
| | •ഡിബെയിറ്റ് സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | സയൻസ് ക്ലബ്ബ് |
| | •ശാസ്ത്ര മാഗസിൻ തയ്യാറാക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം 1 തവണ | കെമിസ്ട്രി അധ്യാപിക | പി.ടി.എ |
| | •പരീക്ഷണക്കിറ്റുകൾ കുട്ടികൾക്ക് നിർമ്മിക്കാൻ നൽകുന്നു. | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | രക്ഷിതാക്കൾ |
| 3) മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക | •ക്ലാസ്സുകളിൽ ശാസ്ത്രലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | |
| | •ശാസ്ത്രപുസ്തകങ്ങൾ വായിക്കുവാൻ അവസരം സൃഷ്ടിക്കുന്നു | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | |
| | •സയൻസ് ലാബ് ആധുനികവൽക്കരി ക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| 4) പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | •സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത കൊമ്പൗണ്ട് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി.ടി.എ |
| | •മരങ്ങൾ വച്ചുപിടിപ്പിക്കുന്ന തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക ഔഷധകൃഷിത്തോട്ട നിർമ്മാണം. പച്ചക്കറിത്തോട്ട നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുക. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| 5) വൈജ്ഞാനിക ബഹിർ സ്ഫുരണം:- അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കുക നേരറിവ് നേടുക | •പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | കെമിസ്ട്രി അധ്യാപിക | സയൻസ് ക്ലബ്ബ് |
| | •സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ പ്രൊജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | •ശാസ്ത്രകാരന്മാരുമായുള്ള സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |
| | •പോളിമർ ഫാക്ടറി സന്ദർശനം | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | പി.ടി.എ |

***ബയോളജി***

പ്രവർത്തനം - വിശദാംശങ്ങൾ

ലക്ഷ്യം: - കുട്ടികളിൽ ജീവശാസ്ത്ര പഠനത്തോടുള്ള അഭിരുചി വളർത്തുന്ന കാര്യങ്ങൾ പഠനാന്വേഷണം, പരീക്ഷണം, നിരീക്ഷണം, വിശകലനം രേഖപ്പെടുത്തൽ എന്നിവയിലൂടെ നിഗമനത്തിലെത്തിച്ചേരുക

ഇത്തരം അന്വേഷണങ്ങൾ, തുറന്നു തരുന്ന വാതായനങ്ങൾ മാറുന്ന കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ കുട്ടികളെ പ്രേരിപ്പിക്കുക

പഠനാന്വേഷണത്തിലും കണ്ടെത്തിയ കാര്യങ്ങൾ മറ്റുള്ളവരുമായി വിനിമയം ചെയ്യുക, അറിവിന്റെ വ്യാപനം സാധ്യമാക്കുക

ശുചിത്വശീലം, പ്രകൃതി സംരക്ഷണം, മാലിന്യനിർമ്മാജ്ജനം തുടങ്ങിയ സാമൂഹിക കടമകൾ നിർവഹിക്കുന്നതിനുള്ള മനോഭാവം രൂപപ്പെടുത്തുക

കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക

ജീവജാലങ്ങളിലെ വൈവിധ്യങ്ങളെ ആസ്വാദിക്കാനും സംരക്ഷിക്കാനുമുള്ള മനോഭാവം വികസിപ്പിക്കുക

| കാലയളവ് | ശീർഷകം | മേഖല | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|---|
| അക്കാദമിക് വർഷം | പരിസ്ഥിതി ദിനം നട്ടു നനയ്ക്കാം നന്മകൾ കൊയ്യാം | പരിസ്ഥിതി സംരക്ഷണം കൃഷി | സന്ദേശം, ക്വിസ്, പോസ്റ്റർ വീട്ടിലൊരു പച്ചക്കറിത്തോട്ടം സ്ഥലപരിമിതി മറികടക്കാൻ ഉള്ള കൃഷി രീതി പ്രാവർത്തികമാക്കൽ (ചാക്ക്കൃഷി Pet bottle farming, vertical farming etc ) | ബയോളജി അധ്യാപിക |
| അക്കാദമിക് വർഷം | ജീവന്റെ ജനിതകം | ജനിതകശാസ്ത്രം | DNA മാതൃക നിർമ്മാണം | ബയോളജി അധ്യാപിക |
| അക്കാദമിക് വർഷം | കാടിനെ അറിയാൻ | പ്രകൃതി സംരക്ഷണം | ഏകദിന പഠനക്യാമ്പ് കരിമ്പുഴ വന്യജീവി സങ്കേതം | ബയോളജി അധ്യാപിക |
| അക്കാദമിക വർഷം | മേന്മയുള്ള നടീൽ വസ്തുക്കൾ | ഗ്രാഫ്റ്റിംഗ്, ബഡ്ഡിംഗ് ലെയറിംഗ് നടത്തുന്നു | പ്രായോഗിക പരിശീലനത്തിലൂടെ ഗ്രാഫ്റ്റിംഗ്, ബഡ്ഡിംഗ് ലെയറിംഗ് നടത്തുന്നു | ബയോളജി അധ്യാപിക |
| അക്കാദമിക വർഷം | ഓസ്മോസിസ് | പരീക്ഷണം | റിയോചെടിയുടെ ജലം ഉപയോഗിച്ച് പരീക്ഷണം | |
| അക്കാദമിക വർഷം | ഹൃദയാരോഗ്യം | പരീക്ഷണം | സ്ഫിഗമോ മാനോമീറ്റർ ഉപയോഗിച്ച് രക്തസമർദ്ദം അളക്കുന്നു | ബയോളജി അധ്യാപിക |

| | | | | |
|---|---|---|---|---|
| അക്കാദമിക വർഷം | ജീവപരിണാമം സസ്യ പരിണാമം | ശലഭോദ്യാനം ജൈവ വൈവിധ്യോദ്യാനം | പ്രകൃതിയുടെ നേരിയ മാറ്റങ്ങൾ പോലും വലിയരീതിയിൽ ആവാസവ്യവസ്ഥയെ ബാധിക്കും എന്നറിയാനായി ശലഭങ്ങളെക്കുറിച്ചും ചെറുജീവികളെക്കുറിച്ചുമുള്ള നിരീക്ഷണത്തിലേർപ്പെടൽ | ബയോളജി അധ്യാപിക |
| അക്കാദമിക വർഷം | ചലനത്തിന് പിന്നിൽ | അസ്ഥിയുടെ ഘടന | മനുഷ്യാസ്ഥികൂടം നിരീക്ഷിക്കൽ സയൻസ് ലാബിൽ കൊണ്ടുപോയി കുട്ടികൾ അസ്ഥിഘടന, ധർമ്മം എന്നിവ തിരിച്ചറിയുന്നു. | ബയോളജി അധ്യാപിക |
| അക്കാദമിക വർഷം | പ്രജനനാരോഗ്യം | ആരോഗ്യകരമായ കൗമാരം പ്രതിരോധ കുത്തിവെപ്പുകൾ | ഏകദിന പഠനക്ലാസ് ഡോക്ടർ / കൗൺസിലർ | ബയോളജി അധ്യാപിക |
| അക്കാദമിക വർഷം | വർഗ്ഗീകരണം | സസ്യജന്തു ജാലങ്ങളുടെ, വർഗ്ഗീകരണം, ശാസ്ത്രീയ നാമം നൽകൽ | വിദ്യാലയത്തിനകത്തും, പുറത്തും കുട്ടിക്ക് പരിചിതമായ സസ്യ ജന്തുജാലങ്ങളുടെ ശാസ്ത്രീയ നാമം കണ്ടെത്തി ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ | ബയോളജി അധ്യാപിക |

*ഗണിതം*

പ്രവർത്തനം – വിശദാംശങ്ങൾ

ഉപമേഖല – ഗണിത ശാസ്ത്ര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയ ധാരണ കൈവരിക്കൽ | Maths @ Maximum പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ ബ്രിഡ്ജ് കോഴ്സ് തയ്യാറാക്കി നൽകൽ | ജൂൺ മാസം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാൻഡ് |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജിയോജിബ്ര സോഫ്റ്റ് വെയർ സഹായത്തോടെ നിർമ്മിതി വിശകലനം | ജൂലൈ മാസം | അധ്യാപകർ | പി.ടി.എ |
| ഗണിത വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കലും പ്രോത്സാഹനവും | ഗണിത ദിനാചരങ്ങളുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ സംഘടിപ്പിക്കൽ<br>ഗണിത മത്സരങ്ങൾ സംഘടിപ്പിക്കൽ | ഗണിത ദിനങ്ങൾ | അധ്യാപകർ വിശിഷ്ട വ്യക്തികൾ | |
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെട്ടൽ. | ശില്പശാലകൾ, ഫീൽഡ് ട്രിപ്പ് | ഒരു ടേമിൽ ഒന്ന് | ഗണിതഅധ്യാപകർ | പി.ടി.എ |
| ഗണിതമത്സരവേദി യിലേക്ക് : മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | പി.ടി.എ |
| ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂൺ, ജൂലൈ | ഗണിത അധ്യാപകർ | പി.ടി.എ |

| | | | |
|---|---|---|---|
| സംഘബോധം ഉണ്ടാക്കൽ | ഗണിതഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ.<br><br>സംഘപഠനം | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിതക്ലബ്ബ് മാനേജ്മെന്റ് |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | കുട്ടികളുടെ വേദനകൾ കണ്ടെത്തി അവരുടെ സൃഷ്ടികൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കൽ | ജനുവരി - ഫെബ്രുവരു | പി.ടി.എ |
| അധ്യാപകൻ കലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ്സ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയസമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാനാസൂത്രണം എന്നിങ്ങനെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം തുടർപ്രവർത്തനം | |
| രക്ഷിതാക്കളെ ബോധവത്ക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ മാസവും | |

**ഹിന്ദി**
**അക്കാദമിക് മാസ്റ്റർ പ്ലാൻ**

**പൊതുലക്ഷ്യങ്ങൾ**

- സ്കൂളിൽ എത്തിചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തി എടുക്കുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികൾക്കും നേടി എന്ന് ഉറപ്പാക്കുക
- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഹിന്ദി ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക

| ലക്ഷ്യം | പ്രവർത്തനം10th | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തുക | ക്ലാസ്സിൽ ചെറിയ ചെറിയ സംഭാഷണങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുക | ജൂൺ ജൂലൈ ആഗസ്റ്റ് | ഹിന്ദി അധ്യാപിക | |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദിയുമായി ബന്ധപ്പെട്ട് തരുന്ന മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | പദ്യം ചൊല്ലൽ, കഥ കവിത, പോസ്റ്റൽ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | സെപ്റ്റംബർ ഒക്ടോബർ നവംബർ | ഹിന്ദി അധ്യാപിക | |
| ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്ന ഡയറി എഴുതുവാനറിയുന്നു. | എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം പാഠഭാഗത്തിലെ സന്ദർഭങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. | ഡിസംബർ ജനുവരി ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനം 9th | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായക്കുവാൻ നൽകുന്നു. | ജൂൺ ജൂലൈ ആഗസ്റ്റ് | ഹിന്ദി അധ്യാപിക | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്ന വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ പഠിക്കുന്നു. | ചാർട്ടുകൾ നൽകുന്നു. ITC ഉപയോഗിച്ച് വാക്യങ്ങൾ നൽകുകയും അതിൽ നിന്ന് നാമം, സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ നവംബർ | ഹിന്ദി അധ്യാപിക | പി.ടി.എ പിസ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറി യുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നിൽകുന്നു. ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദനകുറിപ്പ് തയ്യാറാക്കുന്നു. | ഡിസംബർ ജനുവരി ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനം 8th | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയുവാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചിതമാക്കുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും പഠിപ്പിക്കുന്നു | അക്ഷരമാല അടങ്ങിയ ചാർട്ട് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലയി പരിചയപ്പെടുത്തുന്നു. | ജൂൺ ജൂലൈ ആഗസ്റ്റ് | ഹിന്ദി അധ്യാപിക | പി.ടി.എ ഫണ്ട് 150/- |
| ആഴ്ചയുടെ പേരുകൾ, 1 മുതൽ 30 വരെയുള്ള സംഖ്യകൾ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പഠിക്കുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. | സെപ്റ്റംബർ ഒക്ടോബർ നവംബർ | ഹിന്ദി അധ്യാപിക | |
| ഹിന്ദി എഴുതുവാനും വായിപ്പിക്കുവാനും പരിശീലിപ്പിക്കുന്നു. അതായത് അനായാസമായി വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ ചെറുകവിതകൾ വായിക്കാൻ നൽകുന്നു. | ഡിസംബർ ജനുവരി ഫെബ്രുവരി | ഹിന്ദി അധ്യാപിക | |

*അറബിക്*

| | | |
|---|---|---|
| 1. | ***പ്രവർത്തനം***<br>അലിഫ് ടാലന്റ്, ടെസ്റ്റ് മികവ് തെളിയിച്ച വിദ്യാർത്ഥികളെ കണ്ടെത്തി തുടർ മത്സരങ്ങൾക്കായി പരിശീലിപ്പിക്കൽ<br>ജൂലൈ 10- ന് നടക്കുന്ന സ്കൂൾതല അലിഫ് ടാലന്റ് ടെസ്റ്റിൽ നിന്നും യോഗ്യത നേടിയ ടോപ്പ് 3 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് തുടർന്ന് നടക്കുന്ന പരീക്ഷകളിൽ ഉയരങ്ങളിൽ എത്താൻ ആവശ്യമായ നിരന്തര പരിശീലനം നൽകാൻ | തിയ്യതി<br>ജൂൺ - 10 |
| 2. | ***ക്ലബ്ബ് ഐഡി കാർഡ് നൽകൽ***<br>എല്ലാ ക്ലാസുകളിൽ നിന്നും അറബിക് ക്ലബിലേക്ക് തിരഞ്ഞെടുത്ത വിദ്യാർത്ഥികളെ അറബിക് എഴുത്തോടുകൂടി റെജി. നമ്പർ നൽകിയ ഐഡി കാർഡ് നൽകൽ | ജൂൺ |
| 3 | ***എ ഐ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്)***<br>സാധ്യതകൾ വിദ്യാർത്ഥികൾക്ക് ഉപകരിക്കും വിധത്തിൽ ഉപയോഗപ്പെടുത്തൽ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ ഉപയോഗിച്ച് 8,9,10 ക്ലാസ്സുകളിലെ അറബിക് പുസ്തകത്തിലെ, കവിത സംഭാഷണം, രസകരമാവും വിധത്തിൽ ചിത്രികരണം | ആഗസ്റ്റ് |
| 4 | ***സെപ്ഷ്യൽ ഡേയ്സ് അറബിക് പോസ്റ്ററും ഓൺലൈൻ പ്രോഗ്രാമുകളും***<br>ആഗസ്റ്റ് 15 - സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 - അധ്യാപകദിനം<br>നവംബർ -1 കേരള പിറവി ദിനം<br>ജനുവരി - 26 റിപ്പബ്ലിക് ദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>നവംബർ<br>ജനുവരി |
| 5 | ***സബ്ജില്ല കലോത്സവത്തിലെക്കുള്ള പ്രതിഭകളെ കണ്ടെത്തൽ***<br>വരാനിരിക്കുന്ന നിലമ്പൂർ ഉപജില്ല അറബിക് കലോത്സവത്തിൽ MPMHSS സ്കൂളിന് ഉയർന്ന സ്ഥാനം നേടുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 19 ഇനങ്ങളിലേക്ക് അനുയോജ്യരായ പ്രതിഭകളെ ജൂലൈ മാസത്തിൽ തന്നെ കണ്ടെത്തി അവർക്ക് ആവശ്യമായ നിരന്തര പരിശീലനം നൽകൽ<br><br>***8 വിഭാഗം കലകൾ അനുബന്ധ മത്സരവും***<br>പാട്ടുപാടാൻ കഴിവുള്ളവർ<br>അറബിക് ഗാനം (ബി) അറബി ഗാനം (ജി)<br>പാദ്യം ചൊല്ലൽ (ബി) പദ്യം ചൊല്ലൽ (ജി) സംഘഗാനം | ജൂലൈ |

| | | |
|---|---|---|
| | ***അറബി ശരിയായ ഉച്ചാരണത്തിൽ സംസാരിക്കാൻ കഴിവുള്ളവർ***<br>(അറബി പ്രസംഗം - കഥാ പ്രസംഗം)<br>മോണോ ആക്ട് - സംഭാഷണം)<br>***അറബി നല്ല കയ്യെഴുത്ത് കഴിവുള്ളവർ***<br>(ഉപന്യാസം കഥാരചന)<br>***അറബിക് വാക്കുകൾ ധാരാളം അറിയുന്നവർ***<br>(അടിക്കുറിപ്പ്, വിവർച്ത്തനം, നിഘണ്ടു നിർമ്മാണം, പ്രശ്നോത്തരി)<br>ഹിഫ്ള് കഴിവുള്ളവർ<br>(മുഷാഅറ)<br>***വരക്കാനും കാലിഗ്രാനി കഴിവുള്ളവർ***<br>(പോസ്റ്റർ നിർമ്മാണം)<br>പാരായണം കഴിവുള്ളവർ<br>(ഖുർആൻ പാരായണം)<br>***അഭിനയിക്കാൻ കഴിവുള്ളവർ***<br>(നാടകം) | |
| 6. | World Arabic Language Day<br>വ്യത്യാസ്ത പരിപാടികൾ<br>Arabic Expo സംഘടിപ്പിക്കൽ | ഡിസംബർ 18 |
| 7. | Arabic E- Magazine വർഷത്തിന്റെ അവസാനത്തിൽ<br>E- Magazine നിർമ്മിക്കൽ | ജനുവരി |

***അക്കാദമി നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ***
***പ്രവർത്തി പരിചയം***

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സമഗ്ര വികസനം | കൃഷിയെക്കുറിച്ചും ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ചും അറിവ് നൽകുക | 3 മാസം | പ്രവർത്തി പരിചയം ക്ലബ്ബ് | |
| ശുചീകരണം | ആരോഗ്യവും, ആരോഗ്യ പരിപാലനവും | അക്കാദമിക വർഷം | പ്രവർത്തി പരിചയ ക്ലബ്ബ് | |
| സ്വയം വരുമാനം സ്വയം പര്യാപ്തത | പൂക്കൾ നിർമ്മാണം, അലങ്കാര വസ്തുക്കളുടെ നിർമ്മാണം ഉപയോഗമില്ലാത്ത വസ്തുക്കളുടെ പുനർനിർമ്മാണം | അക്കാദമിക വർഷം | പ്രവർത്തി പരിചയ ക്ലബ്ബ് | |

*ആരോഗ്യ - കായിക - വിദ്യാഭ്യാസം*

പ്രവർത്തന ലക്ഷ്യങ്ങൾ

1. വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ശീലങ്ങൾ വളർത്തുക
2. വ്യത്യസ്ത കായിക ശാഖയെക്കുറിച്ച് അടിസ്ഥാനപരമായ അറിവ് നൽകുക
3. ടീം സ്പീരിറ്റ്, അച്ചടക്കം, സഹകരണ, ക്ഷമ തുടങ്ങിയ മൂല്യങ്ങൾ വളർത്തുക
4. സ്കൂൾതലത്തിൽ നിന്ന് ജില്ലാ തലത്തിലുള്ള മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കുക

| മേഖല | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| യോഗപരിശീലനം | യോഗയുടെ അടിസ്ഥാനം (ശ്വാസനിയന്ത്രണം, ആസനങ്ങൾ, ധ്യാനം) ആഴത്തിലുള്ള ശ്വസന പരിശീലനം വിദ്യാർത്ഥികൾക്ക് മാതൃകാ പ്രദർശനം | അക്കാദമിക് വർഷം | കായിക അധ്യാപകൻ | P.T.A |
| വോളിബോൾ പരിശീലനം | പരിശീലന ഗ്രൂപ്പുകൾ രൂപീകരിക്കുക പോസിഷനുകൾ നിർണ്ണയിച്ച് പരിശീലനം സ്കൂൾ ക്ലാസ്സുകൾ തമ്മിൽ മത്സരങ്ങൾ | അക്കാദമിക് വർഷം | കായിക അധ്യാപകൻ | P.T.A |
| ഹോക്കി പരിശീലനം | ഗെയിം - പ്ലാൻ പഠനം ഇന്റർ- ക്ലാസ്സ് മത്സരം | അക്കാദമിക് വർഷം | കായിക അധ്യാപകൻ | P.T.A പൂർവ്വ വിദ്യാർത്ഥികൾ |
| അത്‌ലറ്റിക് പരിശീലനം | 100മീ. 200മീ, ലോംഗ് ജംപ്, ഷോട്പുട്ട് റിലേ പരിശീലന സെഷനുകൾ - അത്‌ലറ്റിക് മീറ്റ് സംഘടിപ്പിക്കൽ- അത്‌ലറ്റുകളെ പരിചയപ്പെടുത്തൽ | അക്കാദമിക് വർഷം | കായിക അധ്യാപകൻ | P.T.A പൂർവ്വ വിദ്യാർത്ഥികൾ സംഘടന |

| കലാപഠനം | | | | |
|---|---|---|---|---|
| മേഖല | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കലാപഠനം | ജൂൺ | കലാപഠനത്തിന്റെ ആമുഖം കുട്ടികളിൽ ഉള്ള സർഗവാസനകൾ കണ്ടെത്താൻ ഗ്രൂപ്പ് ചർച്ച കലാരൂപങ്ങൾ പരിചയപ്പെടുത്തൽ | കലാ അധ്യാപകൻ | P.T.A |
| ചിത്രരചന | അക്കാദമിക് വർഷം | വർക്ക്ഷോപ്പ് | കലാ അധ്യാപകൻ | P.T.A |
| നാടകം | | നാടകകളരി - ചെറിയ സ്ക്രിറ്റ് തയ്യാറാക്കൽ - കഥാ സംവിധാനം അഭിനയം, സംഭാഷണം | കലാ അധ്യാപകൻ | P.T.A |
| നാടൻ കലകൾ | അക്കാദമിക് വർഷം | നാടൻപാട്ട്, ശില്പശാല | കലാ അധ്യാപകൻ | P.T.A |
| നാട്ടറിവ് | അക്കാദമിക് വർഷം | കലാമണ്ഡലവും അവിടുത്തെ കലാപഠനവും പരിചയപ്പെടുത്തൽ - കലാമണ്ഡല സന്ദർശനം | കലാ അധ്യാപകൻ | P.T.A |
| ഗോത്രകല | അക്കാദമിക് വർഷം | ആദിവാസി ഗോത്രകലകളെ കുറിച്ചുള്ള പഠനം ഗോത്രകലാ കാരന്മാരുമായി അഭിമുഖം | കലാ അധ്യാപകൻ | P.T.A |
| ദേശഭക്തി ഗാനം | അക്കാദമിക് വർഷം | ദേശഭക്തിഗാന പരിശീലനം | കലാ അധ്യാപകൻ | P.T.A |

## *സംഗമം 2025*

ലക്ഷ്യങ്ങൾ

1. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക
2. കുട്ടികളുടെ മാനസികാരോഗ്യവും ശീലവും മനസ്സിലാക്കാൻ രക്ഷിതാക്കൾക്ക് സഹായമാകുക
3. സ്കൂൾ - രക്ഷിതാക്കൾ - വിദ്യാർത്ഥികൾ തമ്മിലുള്ള ബന്ധം ശക്തമാക്കുക
4. സ്കൂളിന്റെ അക്കാദമിക്, സാമൂഹിക, വികസന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളെ ഉൾപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രക്ഷിതാക്കളെ പരിചയപ്പെടൽ | Welcom Meet | ജൂൺ | H M | |
| കുട്ടികളുടെ വളർച്ച മനശാസ്ത്രം, പഠനശീലങ്ങൾ മാനസികാരോഗ്യം, ഡിജിറ്റൽ നിയന്ത്രണം തുടങ്ങിയ വിഷയങ്ങളിൽ സെഷനുകൾ | ശില്പശാല വർക്ക് ഷോപ്പ് | ആഗസ്റ്റ് | SRG | |
| അക്കാദമിക ചർച്ചകൾ സ്കൂൾ വികസനം പഠനപുരോഗതി | പി.ടി.എ പൊതുയോഗം | ജൂൺ നവംബർ ഫെബ്രുവരി | Class Teacher | |
| ഓരോ ക്ലാസ്സിലും പ്രത്യേകമായി കുട്ടികളുടെ പുരോഗതി വിശദമാക്കൽ | ക്ലാസ് അധിഷ്ഠിത രക്ഷാകർതൃ യോഗങ്ങൾ | അക്കാദമിക വർഷം | P T A | |
| പരീക്ഷ സമ്മർദ്ദം ടൈം മാനേജ്മെന്റ് പിന്തുണ നൽകാനുള്ള മാർഗ്ഗങ്ങൾ | പരീക്ഷ മുന്നൊരുക്കം രക്ഷിതാക്കൾക്കായി സെമിനാർ | ഫെബ്രുവരി | | |

***വിജയ സ്പർശം***

ലക്ഷ്യങ്ങൾ 8, 9 ക്ലാസ്സുകളിൽ എഴുത്ത് - വായനാ, ഗണിതസംബന്ധമായ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിശീലനം

ലക്ഷ്യങ്ങൾ

1. എഴുത്ത് - വായനാ കഴിവുകൾ ശക്തിപ്പെടുത്തുക
2. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വ്യക്തിഗത പിന്തുണ നൽകുക
3. ആത്മവിശ്വാസം, ക്ലാസ്സ് റൂം പങ്കാളിത്വം വർദ്ധിപ്പിക്കുക
4. ഭാഷാ വിഷയങ്ങളിൽ താല്പര്യം ഉണ്ടാക്കുക

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | സ്ക്രീനിംഗ് ടെസ്റ്റ് | ജൂൺ രണ്ടാമത്തെ ആഴ്ച ഗണിതം | അധ്യാപകർ മലയാളം, ഇംഗ്ലീഷ് ഗണിതം | |
| | വിദ്യാർത്ഥി തെരഞ്ഞെടുപ്പ് | 8,9 ക്ലാസ്സുകളിൽ നിന്നും കുട്ടികളെ കണ്ടെത്തുക. | ജൂൺ | |
| | സെപ്ഷ്യൽ ക്ലാസ്സ് | Evening 3.45 to 4.45 (Timetable പ്രകാരം) | ജൂലൈ - മാർച്ച് | |
| | വാരാന്ത്യ പുരോഗതി വിലയിരുത്തൽ | അധ്യാപകർ | എല്ലാ മാസവും | |
| | രക്ഷിതാക്കൾക്ക് വിവരം പങ്കെവെയ്ക്കുന്നു. സഹകരണം ഉറപ്പാക്കുന്നു | രക്ഷിതാക്കളുടെ യോഗം | ഓഗസ്റ്റ് - ജനുവരി ക്ലാസ്സ് ടീച്ചർ | |
| | അവസാന വിലയിരുത്തൽ | Before annual exam | ചുമതലപ്പെട്ട അധ്യാപകർ | |
| | റിപ്പോർട്ട് തയ്യാറാക്കൽ ഡോക്യൂമെന്റേഷൻ | വിദ്യാർത്ഥിയുടെ പുരോഗതി രേഖപ്പെടുത്തുന്നു. | മാർച്ച് അവസാനം | |

***നേർക്കാഴ്ച***

(ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ)

***<u>പ്രവർത്തന ലക്ഷ്യങ്ങൾ</u>***

- കുട്ടികളിൽ ലഹരിയുടെ തീവ്രതയും ദോഷഫലങ്ങളും തിരിച്ചറിയാനുള്ള അവബോധം വളർത്തുക.
- ജീവിതത്തിൽ നല്ല രീതികൾ, ആരോഗ്യപരമായ ശീലങ്ങൾ, സ്വാഭാവിക സന്തോഷം എന്നിവയുടെ മഹത്വം കുട്ടികൾക്ക് മനസ്സിലാക്കികൊടുക്കുക.
- കുടുംബത്തിലും സമൂഹത്തിലും ലഹരി ഉപയോഗം എങ്ങനെ പ്രത്യാഘാതം സൃഷ്ടിക്കുന്നു എന്നറിയിക്ക.
- " നോ" എന്ന് വ്യക്തമായി പറയാനുള്ള ആത്മവിശ്വാസം കുട്ടികളിൽ വളർത്തുക

| മാസം | ലഹരി വിരുദ്ധ ദിനാചരണം | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ | (ജൂൺ 26) | സ്കൂൾതല-<br>ഉദ്ഘാടനം ബോധവത്ക്കരണ<br>ക്ലാസ്സ് പ്രതിജ്ഞ പോസ്റ്റർ |
| ജൂലൈ | കഥയും സന്ദേശവും<br>വിഡിയോ പ്രദർശനം | ലഹരി വിരുദ്ധ സന്ദേശമുള്ള<br>കഥകളുടെ<br>വായനയും പ്രദർശനവും |
| ഓഗസ്റ്റ് | ചിത്രരചന മത്സരം | വിഷയം " എന്റെ സ്വപ്ന ലോക<br>ലഹരിയില്ലാതെ" |
| സെപ്റ്റംബർ | ലഹരി വിരുന്ന ഗ്രൂപ്പ് സോങ്ങ്<br><br>ഫ്ളോഷ് മോബ് | കുട്ടികൾക്ക് ലഹരി വിരുന്ന്<br>പാട്ടുകൾ<br>പരിശീലനം |
| ഒക്ടോബർ | രക്ഷിതാക്കൾക്ക് ബോധവത്കരണ<br>ക്ലാസ്സുകൾ | വിദഗ്ദ്ധരായ വ്യക്തികളാൽ<br>ശില്പശാല |

| | | |
|---|---|---|
| നവംബർ | ലഹരി വിരുദ്ധ കേന്ദ്രങ്ങൾ സന്ദർശനം | കുട്ടികൾക്ക് ലഹരിയിൽ നിന്ന് മോചിതരായവരുടെ അനുഭവങ്ങൾ പങ്ക് വയ്ക്കുന്നു |
| ഡിസംബർ | ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കുട്ടികളുടെ നിർമ്മിക്കൽ | ഫ്ളാഷ് കാർഡ് നിർമ്മാണം |
| ജനുവരി | സ്കിറ്റ് | ലഹരി - വിരുദ്ധ സന്ദേശം അടങ്ങിയ ചെറു നാടകങ്ങൾ അധ്യാപക മാർഗ്ഗ നിർദ്ദേശത്തോടെ |
| ഫെബ്രുവരി | ലഹരി വിരുദ്ധ ക്ലാസ്സ് പത്രം | ഓരോ ക്ലാസ്സും ഒരു ലഘു പത്രം തയ്യാറാക്കുക - കുട്ടികൾക്ക് സൃഷ്ടി പരമായ പങ്കാളിത്തം |
| മാർച്ച് | ലഹരി വിരുദ്ധ പ്രവർത്തന ങ്ങളുടെ വാർഷിക അവലോകം | വിദ്യാർത്ഥികളുടെയും അധ്യാപകരു ടെയും അഭിപ്രായങ്ങൾ സമാഹരിച്ച് റിപ്പോർട്ട് തയ്യാറാക്കുക |

## ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | NMMSഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | 1 വർഷത്തിൽ 3 മാസം | മാത്സ് ടീച്ചർ | |

## ഉപസംഹാരം

ചുങ്കത്തറ എം.പി.എം ഹയർസെക്കണ്ടറി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സമഗ്രമായ വികസനമാണ് ഇതിന്റെ ലക്ഷ്യം. ഗുണമേന്മയുള്ള ഉൾച്ചേർന്ന വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും സഹായം സ്കൂളിന് ലഭ്യമാകും എന്ന വിശ്വാസവുമുണ്ട്. അതിന് കഴിയുമെന്ന ഉത്തമ വിശ്വാസത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.